നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

ഒക്ടോബർ 2006

3.00 ക.

# വിവരാവകാശനിയമത്തിന്റെ സംരക്ഷണത്തിന്നുവേണ്ടി



*കേന്ദ്രവർമ്മേണ്ടിന്റെ നാഷണൽ അഡ്വൈസറി കൗൺസിലിൽനിന്നും രാജിവച്ച, മാഗ്സേസെ അവാർഡ് ജേതാവായ അരുണാ റോയ് വിവരാവകാശ നിയമത്തിൽ വെള്ളം കൂട്ടാനുള്ള കേന്ദ്ര ഗവർമ്മേണ്ടിന്റെ ശ്രമത്തിന്നെതിരെ പ്രക്ഷോഭണരംഗത്ത്.*

114

# പോലാവരം പദ്ധതിക്കാര്യം കോടതി അന്വേഷിക്കുന്നു

**ആ**ന്ധ്രയിൽ ഗോദാവരീനദിയിൽ ഇരുപതിനായിരം കോടി രൂപയോളം ചെലവഴിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പോലാവരം ജലസേചന പദ്ധതിയെക്കുറിച്ചുള്ള പരാതികളെക്കുറിച്ച് അന്വേഷിക്കാൻ സുപ്രീം കോടതിയുടെ എംപവേർഡ് കമ്മിറ്റി ജൂലായ് അവസാനവാരത്തിൽ ഖമ്മാം ജില്ല സന്ദർശിക്കുകയുണ്ടായി. പി.വി. ജയകൃഷ്ണന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് ആദിവാസി പരിഷത്ത് ഒരു മെമ്മോറാണ്ടം സമർപ്പിച്ചു.

ഒരു ലക്ഷത്തിലധികം ഏക്കർ ഭൂമിയിൽ ജീവിക്കുന്ന രണ്ടര ലക്ഷത്തോളം ആദിവാസികളെ പെരുവഴിയിലാക്കുന്ന ഒരു പദ്ധതിയാണിതെന്ന് അവർ ആക്ഷേപിക്കുന്നു. ഇതിനേക്കാൾ കുറഞ്ഞ ചെലവിൽ ഇതിനേക്കാൾ എത്രയോ ഗുണകരമായ ജലസേചനപദ്ധതി നടപ്പാക്കാമെന്നിരുന്നിട്ടും ഗവർമ്മേണ്ട് ഈ പദ്ധതി നടപ്പാക്കാൻ ചാടിപ്പുറപ്പെട്ടിരിക്കുന്നത് കരാറുകാരും രാഷ്ട്രീയക്കാരും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ഒരു ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പോലാവരം പദ്ധതികൊണ്ട് ഏഴു ലക്ഷം ഏക്കറിൽ ജലസേചനം നടത്താമെന്നാണ് ഗവർമ്മേണ്ട് പറയുന്നത്. ഗവർമ്മേണ്ടിന്റെ അവകാശവാദം മുഖവിലക്കെടുത്താൽതന്നെ തഡിപ്പുഡി-പുഷ്ക്കരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെപ്പറ്റി ഗവർമ്മേണ്ടിന്ന് എന്തു പറയാനുണ്ട്. 900 കോടി രൂപ ചെലവാക്കി നടപ്പാക്കിവരുന്ന ഈ പദ്ധതി നാലുലക്ഷം ഏക്കറിൽ ജലസേചനസൗകര്യമുണ്ടാക്കും. ഈ നാലു ലക്ഷം ഉൾപ്പെട്ടതാണ് പോലാവരത്തിന്റെ കമാൻഡ് ഏരിയയായ ഏഴു ലക്ഷം. അതായത് വെറും മൂന്നുലക്ഷം ഏക്കറിൽ ജലസേചനം നടത്താൻ ഗവർമ്മേണ്ട് 20000 കോടി ചെലവാക്കാൻ പോകുന്നുവെന്നർത്ഥം.

ഈ പദ്ധതിമൂലം ഗോദാവരിയുടേയും കൃഷ്ണാനദിയുടേയും നദീമുഖങ്ങളിലെ കൃഷി നശിക്കുമെന്നതാണ് ഒരപകടം. ഈ നദീമുഖങ്ങളാണ് ആന്ധ്രയുടെ നെല്ലറകൾ. ഇപ്പോൾതന്നെ നദീമുഖങ്ങളിൽ വെള്ളക്കെട്ടിന്റെ ശല്യമുണ്ട്. പോലാവരം പദ്ധതിയിലൂടെ എത്തുന്ന വെള്ളംകൂടിയാകുമ്പോൾ നാലുലക്ഷം ഏക്കറിലെങ്കിലും മുണ്ടകൻകൃഷി അസാധ്യമാകുമെന്ന് വിദഗ്ദ്ധർ പറയുന്നു.

പോലാവരം പദ്ധതി ഏറ്റവുമധികം ബാധിക്കാൻ പോകുന്നത് ആദിവാസികളെയാണ്. കുടിയൊഴിപ്പിക്കേണ്ടിവരുന്ന രണ്ടരലക്ഷം പേരിൽ മിക്കവരും ആദിവാസികളാണ്. അണക്കെട്ടു നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലവും ജലസംഭരണിയാകാൻപോകുന്ന പ്രദേശവും ഇപ്പോൾ ആദിവാസികളുടെ അധീനത്തിലാണ്. ഈ പ്രദേശം ഭരണഘടനയിലെ V-ാം ഷെഡ്യൂൾ പ്രകാരം പട്ടികവർഗ്ഗമേഖലയായി പ്രഖ്യാപിച്ചിട്ടുമുണ്ട്. പട്ടികവർഗ്ഗമേഖല പൂർണ്ണമായും ആദിവാസികളുടെ നിയന്ത്രണത്തിലാണ്. ആദിവാസി ഗ്രാമസഭ അനുവദിക്കുന്ന പരിപാടികൾ മാത്രമേ അവിടെ നടത്താൻ പാടുള്ളൂവെന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ഗവർമ്മേണ്ട് ഇതെല്ലാം അവഗണിച്ചുകൊണ്ടു മുന്നോട്ടുപോകുന്നു. ആദിവാസികളെ പുനരധിവസിപ്പിക്കുമെന്നാണ് ഗവർമ്മേണ്ട് പറയുന്നത്. രണ്ടുലക്ഷത്തിൽപരം വരുന്ന ആദിവാസികളെ പുനരധിവസിപ്പിക്കാമെന്നു കരുതുന്നത് ശുദ്ധ വിഡ്ഢിത്തമാണ്. യഥാർത്ഥത്തിൽ സംഭവിക്കാൻ പോകുന്നത്, ആദിവാസികൾ ഉൾക്കാടുകളിലേക്ക് പിന്മാറുമെന്നതാണ്. ആന്ധ്രയിലെ മാവോയിസ്റ്റ് കലാപകാരികൾക്ക് ധാരാളംപേരെ ആദിവാസികൾക്കിടയിൽനിന്ന് റിക്രൂട്ട് ചെയ്യാൻ ഇത് സൗകര്യമുണ്ടാക്കും. ❑

ജനനീതി

ഒക്ടോബർ 2006
**114**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ഗാന്ധിയന്മാരുടെ ജനസേവനത്തിന് 60,000 ക. കൂടി

**മ**റ്റൊരു ഗാന്ധിജയന്തികൂടി സമാഗതമാകുന്നു. ഇന്ത്യയിലുടനീളം മഞ്ഞും മഴയും കാറ്റും വെയിലുമേറ്റുനിൽക്കുന്ന ആയിരമായിരം ഗാന്ധി പ്രതിമകളിൽ പുഷ്പമാല്യങ്ങൾ അർപ്പിക്കപ്പെടുന്ന ദിനമാണിത്. തങ്ങൾ കണ്ടിട്ടുപോലുമില്ലാത്ത മഹാത്മാവിനെക്കുറിച്ച് നേതാക്കന്മാർ പ്രഭാഷണങ്ങളുതിർക്കുന്ന ദിവസവുമാണിത്.

ഇതിന്നു തൊട്ടുമുമ്പൊരു സംഭവമുണ്ടായത് അധികമാരും അറിഞ്ഞിരിക്കാനിടയില്ല. നമ്മുടെ എം.പി.മാരുടെ ശമ്പളവും നാനാവിധ അലവൻസുകളും ഗണ്യമായി വർദ്ധിപ്പിക്കാനെടുത്ത തീരുമാനമാണത്. പാർലിമെന്റിന്റെ വർഷക്കാലസമ്മേളനത്തിന്റെ സമാപനവേളയിൽ മറ്റുപല ബഹളങ്ങൾക്കുമിടയിൽ നടന്ന ഈ സംഭവം ശ്രദ്ധിക്കപ്പെടാതെപോയി. അല്ലെങ്കിൽ ശ്രദ്ധിച്ചിട്ടെന്തുകാര്യം? തങ്ങളുടെ ശമ്പളം എത്രയായിരിക്കണമെന്നു സ്വയം തീരുമാനിക്കാൻ അധികാരമുള്ള ഒരേയൊരു “തൊഴിലാളിവർഗ്ഗം” എം.പി.മാരാണല്ലോ.

ഈ ശമ്പളവർധന നടപ്പാക്കിക്കഴിഞ്ഞിട്ടും എം.പി.മാരുടെ ശമ്പളം മറ്റുപല രാജ്യങ്ങളിലേയും എം.പി. മാർക്ക് കിട്ടുന്നതിനേക്കാൾ കുറവാണെന്ന് ഗാന്ധിജിയുടെ ശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവർ പരിതപിക്കുന്നു. ഏതുകാര്യത്തിലും തീരുമാനമെടുക്കുന്നത്, ദരിദ്രരിൽ ദരിദ്രരായവരുടെ സ്ഥിതിയെ മുൻനിർത്തിവേണമെന്ന് ഉപദേശിച്ച ഗാന്ധിജിയുടെ ശിഷ്യന്മാർ ഇവിടെ ധനികരിൽ ധനികരായവരെ മാനദണ്ഡമാക്കിക്കൊണ്ട് തീരുമാനങ്ങളെടുക്കുന്നു. ഇവരെ ഗാന്ധിയന്മാരെന്നല്ല, അഗാന്ധിയന്മാർ എന്നല്ലേ വിശേഷിപ്പിക്കേണ്ടത്?

പത്രറിപ്പോർട്ടുകൾ ശരിയാണെങ്കിൽ, എം.പി. മാരുടെ ഈ ശമ്പളവർധനക്കായി ഗവർമ്മേണ്ടിന് അധികം ചെലവാക്കേണ്ടി വരുന്ന തുക കൊല്ലംതോറും അറുപതു കോടി രൂപയാണ്. ഇന്ത്യയിൽ 800 എം.പി.മാരാണുള്ളത്. അപ്പോൾ ഒരു എം.പി.ക്ക് മാസത്തിൽ 60,000 ക. യെങ്കിലും കൂടുതൽ കിട്ടും! പാശ്ചാത്യരാജ്യങ്ങളിലെ ജനങ്ങൾ പൊതുവെ സമ്പന്നരാണ്; ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരെ അധികമൊന്നും അവിടെ കാണാനാവില്ല. ഇന്ത്യയിലാകട്ടെ, ദരിദ്രനാരായണന്മാരാണ് അധികവും. അവരുടെ പ്രതിനിധികളാണ് ഇത്തരത്തിൽ ആർത്തിമൂത്ത് പരാക്രമങ്ങൾ കാണിക്കുന്നത്.

ഗാന്ധിയൻ ദർശനങ്ങളിൽനിന്നെല്ലാം നാം എത്രയോ അകന്നുപോയിരിക്കുന്നു എന്നാണിത് വ്യക്തമാക്കുന്നത്. പാശ്ചാത്യ എം.പി.മാർക്ക് ഇന്ത്യൻ എം.പി. മാർക്കുള്ളതിലേറെ വരുമാനമുണ്ടാകാം. പക്ഷെ ഈ പാശ്ചാത്യ രാജ്യങ്ങൾ കോളനികളെ കൊള്ളയടിച്ച് തടിച്ചുകൊഴുത്തവയാണ്. കോളനികൾ കൈമോശം വന്നതിനുശേഷവും സാമ്പത്തിക കൊളോണിയലിസത്തിന്റെ പിൻബലത്തിന്മേലാണിവർ നിലനിൽക്കുന്നത്. ഇന്ത്യയിലേയും മറ്റും കമ്പോളങ്ങൾ തങ്ങൾക്ക് തുറന്നുതരണമെന്നിവർ വാശിപിടിക്കുന്നത് അതുകൊണ്ടാണ്. കൊള്ളചെയ്യാൻ ഇന്ത്യക്ക് കോളനികളില്ലെന്നും അതിനാൽ പാശ്ചാത്യമാതൃകകളെ പിൻതുടരരുതെന്നും ഗാന്ധിജി ഉപദേശിച്ചിരുന്നകാര്യം ഒരു പക്ഷെ ഈ അഗാന്ധിയന്മാർക്ക് അറിവുണ്ടാകാനിടയില്ല.

ഇന്ത്യയുടെ ഭരണം അഗാന്ധിയന്മാരുടെ കൈകളിൽചെന്നകപ്പെട്ടിരിക്കുന്നതിനാലാണ് ഇന്ത്യയിലിന്ന് പുതിയൊരു ഗാന്ധിയൻ സമരമുറ ആവശ്യമായി വന്നിരിക്കുന്നത്. നീതിക്കുവേണ്ടി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടന്നുവരുന്ന എണ്ണമറ്റ സഹനസമരങ്ങൾ അതിന്റെ ബഹിർസ്ഫുരണങ്ങളാണ്. നർമ്മദയിലെ പുനരധിവാസ സമരം, ഒറീസയിലെ ആദിവാസി സമരം, വിവരാവകാശനിയമത്തിനുവേണ്ടിയുള്ള പ്രക്ഷോഭണം, പെൺഭ്രൂണഹത്യക്കെതിരായ പ്രസ്ഥാനം, കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാനുള്ള പ്രക്ഷോഭണം തുടങ്ങിയവയെല്ലാം ഇതിൽപെടുന്നു. ദരിദ്രനാരായണന്മാരെ മറന്ന് കുബേരപുത്രന്മാർക്കായി ഭരണം നടത്തുന്ന അഗാന്ധിയന്മാർക്കെതിരെ ജനങ്ങളെ അണിനിരത്തുകയാണ് യഥാർത്ഥ ഗാന്ധിയന്മാരുടെ ഇന്നത്തെ കടമ.

❑

# എം.പി.മാർക്കുവേണ്ടി എം.പി.മാർ ഭരിക്കുമ്പോൾ

**- എരാ ചെഴിയൻ -**

എം.പി.മാരുടെ ശമ്പളവും അലവൻസുകളും വർധിപ്പിക്കാനുള്ള ബിൽ എം.പി. മാരുടെ ഏകകണ്ഠമായ ആഹ്ലാദാരവങ്ങൾക്കിടയിൽ എളുപ്പത്തിൽ പാസ്സാക്കപ്പെട്ടു. സ്വതവേ പരസ്പരം കടിച്ചുകീറുന്ന ഭരണപക്ഷക്കാരും പ്രതിപക്ഷക്കാരും തമ്മിൽ അത്ഭുതാവഹമായ സഹകരണമാണ് ഇക്കാര്യത്തിൽ കണ്ടത്. എം.പി.മാർ സ്വന്തം ധനപരമായ താത്പര്യത്തിനുവേണ്ടി സ്വയം വോട്ടുചെയ്യുന്നതിലെ അനൗചിത്യത്തെക്കുറിച്ച് പറഞ്ഞ ഇടതുപക്ഷ എം.പി. മാർ മാത്രമായിരുന്നു ഇതിലെ അപവാദം.

ഇംഗ്ലണ്ടിലെ പാർലിമെന്റിന്റെ ആദ്യഘട്ടത്തിൽ, ഒരു എം.പി.യുടെ ചെലവുകൾ വഹിക്കേണ്ട ഭാരം അയാളുടെ നിയോജകമണ്ഡലത്തിനായിരുന്നു. അപൂർവ്വം ചില എം.പി.മാർക്കുമാത്രമേ നിയോജകമണ്ഡലത്തിൽനിന്ന് എന്തെങ്കിലും കിട്ടിയിരുന്നുള്ളൂ. പാർലിമെന്റിലേക്ക് പ്രതിനിധിയെ തിരഞ്ഞെടുത്തയക്കുന്നതിൽനിന്ന് തങ്ങളെ ഒഴിവാക്കിത്തരണമെന്ന് പല നിയോജകമണ്ഡലങ്ങളും പാർലിമെന്റിനോട് അപേക്ഷിക്കാറുണ്ട്. പത്തൊമ്പതാംനൂറ്റാണ്ടുവരെ എം.പി.മാരിലധികവും സമ്പന്ന കുടുംബങ്ങളിൽനിന്നോ നാടുവാഴി കുടുംബങ്ങളിൽനിന്നോ ഉള്ളവരായിരുന്നു.

1906ൽ ഒട്ടേറെ ലേബർപാർട്ടിക്കാർ പാർലിമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മാത്രമാണ്, എം.പി.മാർക്ക എന്തെങ്കിലും നൽകേണ്ടതിന്റെ ആവശ്യകത ബോധ്യമായത്. പണം വേണമെന്നുള്ള എം.പി.മാർക്ക് കൊല്ലത്തിൽ 400 പവൻ നൽകാൻ വ്യവസ്ഥ ചെയ്തത് ലോയഡ് ജോർജ് ധനകാര്യമന്ത്രിയായിരുന്ന കാലത്താണ് (1908). എം.പി.മാർക്ക് അലവൻസ് ഏർപ്പെടുത്തിക്കൊണ്ട് അദ്ദേഹം പാർലിമെന്റിൽ ക്ഷമാപണപൂർവ്വം പറഞ്ഞു: "ഇതൊരു പ്രതിഫലമല്ല; ഇതൊരു ശമ്പളമല്ല; രാജ്യത്തിന്ന് വിവരണാതീതമായ സേവനം നൽകാനായി ഇവിടെ വരാൻ കഴിവുണ്ടാക്കുന്നതിന്നുള്ള ചെറിയൊരു അലവൻസ് മാത്രമാണിത്".

പിന്നീട് എം.പി.മാരുടെ ശമ്പളം കൂട്ടുകയുണ്ടായെങ്കിലും സാമ്പത്തികശേഷിയുള്ള എം.പി.മാരാരും അതു വാങ്ങാറില്ല. പ്രധാനമന്ത്രി സ്റ്റാൻലി ബാൾഡ്‌വിൻ പറഞ്ഞത് ഇതാണ്: "ഭാഗ്യവശാൽ ഞാൻ സമ്പന്നനാണ്; അനുവദിച്ച ശമ്പളം വാങ്ങേണ്ട കാര്യം എനിക്കില്ല".

1921ൽ ബ്രിട്ടീഷിന്ത്യയിൽ കേന്ദ്രനിയമസഭാംഗങ്ങൾക്ക് സഭയിൽ ഹാജരാകുന്ന ദിവസമൊന്നിന്ന് 20 രൂപ വീതമാണ് നൽകിയിരുന്നത്. 1945 മേയിൽ 30 ക. ദിനബത്തയും 15 ക. യാത്രാബത്തയും നൽകിത്തുടങ്ങി. അതായത് ആകെ 45 ക. 1946 ഡിസംബറിൽ വ്യവസ്ഥാപകസമിതി രൂപീകരിച്ചപ്പോഴും മെമ്പർമാർക്ക് ദിനബത്തയായി 45 ക. യാണ് നൽകിക്കൊണ്ടിരുന്നത്.

ജനസേവനം നടത്തുന്നവർ ലളിതമായ ജീവിതത്തിന്നാവശ്യമായ കുറഞ്ഞൊരു ശമ്പളം മാത്രമേ വാങ്ങാവൂ എന്ന് ഗാന്ധിജി നിഷ്ക്കർഷിച്ചിരുന്നു. വ്യവസ്ഥാപകസമിതിയിലെ അംഗങ്ങളിൽ ചിലർ 30 ക. മാത്രമാണ് വാങ്ങാറുള്ളത്. ചില കോൺഗ്രസ്സുകാർ 45 ക. വാങ്ങി പാർട്ടിക്ക് നൽകുകയും, പാർട്ടി

നിശ്ചയിക്കുന്ന ചെറിയൊരു തുക കൈപ്പറ്റുകയും ചെയ്തിരുന്നു.

എം.പി.മാർക്ക് ശമ്പളം നൽകാനുള്ള ഭരണഘടനാവ്യവസ്ഥ 1949 മേയ് 20ന്ന് വ്യവസ്ഥാപക സമിതിയിൽ ചർച്ചക്കെടുത്തപ്പോൾ, എം.പി.മാർക്ക് 750 ക.ക്കും 1000 ക.ക്കുമിടക്കുള്ള ഒരു തുക ശമ്പളമായി നിശ്ചയിക്കണമെന്ന ഒരു നിർദ്ദേശം ഉയർന്നുവരികയുണ്ടായി. ഇത്തരമൊരു കനത്തതുക ശമ്പളമായി നിശ്ചയിക്കുന്നതിന്ന് ശക്തിയായ എതിർപ്പുണ്ടായി. ഒടുവിൽ 45 ക. ദിനബത്തയായി തുടരാനാണ് നിശ്ചയിച്ചത്. ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ സ്ഥിതി നോക്കുമ്പോൾ ഇതുപോലും വളരെ അധികമാണെന്ന് ആക്ഷേപമുയർന്നിരുന്നു. തന്മൂലം 1949 ഒക്ടോബർ 17ന്ന് മദ്രാസിൽനിന്നുള്ള ജനപ്രതിനിധിയായ വി.ഐ. മുനിസ്വാമിപ്പിള്ള ദിനബത്ത 40 ക.യായി കുറയ്ക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം അവതരിപ്പിച്ചു. പ്രമേയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "വാസ്തവത്തിൽ ഇത് ചെറിയൊരു ത്യാഗം മാത്രമാണെന്ന് എനിക്കറിയാം. രാജ്യത്ത് നിലവിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്ന് ഈ മഹനീയസഭ നേതൃത്വം നൽകേണ്ടതുണ്ട്. പല സഭാംഗങ്ങളോടും ഞാൻ ചോദിച്ചു. ദിനബത്തയിൽനിന്ന് 5 രൂപ കുറക്കുന്നതുകൊണ്ട് വലിയ ക്ലേശമൊന്നുമുണ്ടാവില്ലെന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാണ്". അങ്ങനെ മുനിസ്വാമിപ്പിള്ളയുടെ ഭേദഗതി സഭ ഏകകണ്ഠമായി പാസാക്കി. അന്നുമുതൽ 1954 വരെ എം.പി.മാർക്ക് 40 ക.യാണ് ദിനബത്തയായി നൽകിവന്നിരുന്നത്.

എം.പി.മാരുടെ ശമ്പളം പാർലിമെന്റ് നിശ്ചയിക്കണമെന്നാണ് ഭരണഘടനയിലെ 102-ാം അനുഛേദത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. അതനുസരിച്ച് 1954ൽ സ്പീക്കർ മാവ്‌ലങ്കർ ഒരു സംയുക്ത പാർലിമെന്ററി സമിതിയെ നിയോഗിച്ചു. ഈ സമിതി 35 ക. ദിനബത്തയായി നൽകാനാണ് ശുപാർശ ചെയ്തത്. അതായത് നിലവിലുള്ള 40 ക. 35 ക.യായി കുറക്കണം. പക്ഷെ സ്വാതന്ത്ര്യാനന്തരം പാർലിമെന്റിൽ എത്തിയ എം.പി.മാരിൽ അധികം പേർക്കും ഇത് സ്വീകാര്യമായിരുന്നില്ല. ചൂടുപിടിച്ച വാഗ്വാദങ്ങൾക്കുശേഷം, ആ ശുപാർശ കമ്മിറ്റിക്കുതന്നെ തിരിച്ചയച്ചു.

**വാണംപോലെ ചീറിക്കയറുന്ന എം.പി.മാരുടെ ശമ്പളവും ബത്തയും**

| കൊല്ലം | ശമ്പളം | ദിനബത്ത |
|---|---|---|
| 1954 | 400 ക. | 21 ക. |
| 1964 | 500 ക. | 31 ക. |
| 1969 | 500 ക. | 51 ക. |
| 1983 | 759 ക. | 75 ക. |
| 1985 | 1000 ക. | 75 ക. |
| 1988 | 1500 ക. | 150 ക. |
| 1993 | 1500 ക. | 200 ക. |
| 1998 | 4000 ക. | 400 ക. |
| 2001 | 12000 ക. | 500 ക. |
| 2006 | 16000 ക. | 1000 ക. |

ഇതിന്നുപുറമെ മറ്റുപല ബത്തകളും എം.പി. മാർക്ക് ലഭിക്കുന്നുണ്ട്. 1970 മുതൽ എം.പി.മാർക്ക് പെൻഷന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കമ്മിറ്റിയുടെ രണ്ടാമത്തെ റിപ്പോർട്ടിൽ രണ്ടു ശുപാർശകളാണുണ്ടായിരുന്നത്. എം.പി.മാർക്ക് പ്രതിമാസം 300 ക. ശമ്പളവും 20 ക. ദിനബത്തയും നൽകാം. അല്ലെങ്കിൽ 40 ക. ദിനബത്തയായി നൽകാം. എം.പി. മാർക്ക് ഈ നിർദ്ദേശവും സ്വീകാര്യമായില്ല. ഒടുവിൽ എം.പി.മാരുടെ ശമ്പളം 400 ക.യും ദിനബത്ത 21 ക.യും ആയി നിശ്ചയിച്ചുകൊണ്ടുള്ള ബിൽ പാർലിമെന്റ് 1954ൽ പാസാക്കി. ഈ നിയമം കഴിഞ്ഞ 52 കൊല്ലത്തിന്നിടയിൽ 27 തവണ ഭേദഗതിചെയ്ത് എം.പി. മാർക്കുള്ള ആനുകൂല്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്.

എം.പി.മാരുടെ ശമ്പളം ഉപഭോക്തൃ വിലസൂചികയുമായി ബന്ധപ്പെടുത്തണമെന്ന് ഏതോ മാനേജ്മെന്റ് വിദഗ്ദ്ധൻ പറഞ്ഞതനുസരിച്ചാണ് എം.പി.മാരുടെ ശമ്പളം 12000 ക.യിൽനിന്ന് 16000 ക. യാക്കിയതെന്ന് പറയുന്നുണ്ട്. എന്നാൽ ദിനബത്തയുടേയും മറ്റും കാര്യത്തിൽ സ്വീകരിച്ച മാനദണ്ഡം അതല്ല. ഏതോ സംസ്ഥാനത്തിൽ എം.എൽ.എ. മാർക്ക് 1000 ക. ദിനബത്തയുണ്ടെന്നതിന്റെ പേരിലാണ് എം.പി.മാരുടെ ദിനബത്ത 1000 ക.യാക്കിയിരിക്കുന്നത്. അതായത് പൊതുവായൊരു മാനദണ്ഡവുമില്ല; തഞ്ചവും തരവും നോക്കി എം.പി.മാരുടെ ആനുകൂല്യം വർധിപ്പിച്ചിരിക്കുകയാണ്.

എം.പി.മാർക്ക് മതിയായ ശമ്പളം നൽകിയില്ലെങ്കിൽ അവർ അഴിമതിക്കാരാകുമെന്ന് ലാലുപ്രസാദിനെപ്പോലുള്ള നേതാക്കന്മാർ വാദിക്കുന്നുണ്ട്. അപ്പോൾ അഴിമതി തടയാൻ "മതിയായ"തുക എത്രയാണെന്ന് നമുക്ക് കണ്ടുപിടിക്കേണ്ടിവരും. ഇക്കാര്യത്തിൽ മഹാത്മാഗാന്ധി പറഞ്ഞതിതാണ്: "അഴിമതി വർദ്ധിക്കും എന്നുപേടിച്ച് കനത്ത ശമ്പളം നൽകുന്നത്, തോലിന്നുവേണ്ടി പോത്തിനെ കൊല്ലുക എന്നുപറയുന്നതുപോലെയാണ്. മറ്റൊരു തരത്തിൽപറഞ്ഞാൽ, ഒരാൾ വല്ലപ്പോഴും കൈക്കൂലി വാങ്ങുന്നതു തടയാനായി, അയാൾക്ക് കനത്ത ശമ്പളമായി സ്ഥിരം കൈക്കൂലി നൽകണമെന്നു പറയുന്നതുപോലെയാണ്" - നവജീവൻ 26-7-1931

["ദി ഹിന്ദു" ഗ്രൂപ്പിന്റെ പാക്ഷികപ്രസിദ്ധീകരണമായ "ഫ്രണ്ട്ലൈനി"ൽനിന്ന് സംഗ്രഹിച്ചത്]

❑

---

# എം.പി.മാർക്ക് ചാകര

**വ**ർഷക്കാലത്ത് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ചാകര പൊന്താറുണ്ട്. ഇത്തവണ വർഷക്കാലത്ത് പാർലിമെന്റിലും ചാകര പൊന്തി. പക്ഷെ കടലിലെ ചാകരപോലെ ഇതൊരു താൽക്കാലിക പ്രതിഭാസമല്ല; സ്ഥിരം ഏർപ്പാടാണ്.

എം.പി.മാരുടെ പ്രതിമാസ ശമ്പളം 12000 ക.യിൽനിന്ന് 16000 ക.യാക്കാൻ തീരുമാനിച്ചതായി കേന്ദ്രമന്ത്രിസഭയുടെ വക്താവായ പ്രിയരഞ്ജൻദാസ് മുൻഷി പറഞ്ഞു.

ഇതിന്നുപുറമെ എം.പി.മാരുടെ നിയോജകമണ്ഡലം അലവൻസ് 10000 ക. യിൽനിന്ന് 20000 ക. യായി ഇരട്ടിപ്പിച്ചിട്ടുമുണ്ട്. ദിനബത്തയാകട്ടെ 500 ക. യിൽനിന്ന് 1000 ക. യുമാക്കി.

ഈ പരിഷ്ക്കാരങ്ങൾകൊണ്ട് അറുപതുകോടി രൂപയുടെ അധികച്ചെലവുവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അതായത് മാസംതോറും ഓരോ എം. പി.ക്കും 63000 ക. യോളം കൂടുതൽകിട്ടും.

എം.പി.മാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാണ് ഈ ശമ്പളപരിഷ്ക്കരണമെന്ന് മന്ത്രി മുൻഷി പറഞ്ഞു. ഇങ്ങനെ ശമ്പളം കൂട്ടിയാലും, മറ്റു പല രാജ്യങ്ങളിലും എം.പി. മാർക്കുകിട്ടുന്ന ശമ്പളത്തേക്കാൾ കുറവായിരിക്കും ഇതെന്ന് മുൻഷി പറഞ്ഞു. മാത്രമല്ല, ഇന്ത്യയിൽ ചില എം.എൽ.എ.മാർക്ക് എം.പി.മാരേക്കാളധികം ബത്ത കിട്ടുന്നുണ്ടെന്നും മുൻഷി പറയുന്നു. ❑

# പ്രധാനമന്ത്രിക്ക് കടിഞ്ഞാണിടുന്ന ബ്യൂറോക്രസി

- ടി.വി. അച്യുതവാരിയർ -

ഉദ്യോഗസ്ഥ വർഗ്ഗത്തിന്റെ താല്പര്യ സംരക്ഷണത്തിന്നായി കേന്ദ്രത്തിൽ ഒരു പ്രത്യേക വകുപ്പുതന്നെയുണ്ട്. - ഡിപ്പാർട്ടുമെന്റ് ഓഫ് പേഴ്സനെൽ ആന്റ് ട്രെയിനിങ്. പ്രധാനമന്ത്രിയുടെ കീഴിലാണ് ഈ വകുപ്പെന്നാണ് സങ്കല്പം; എന്നാൽ ഈ വകുപ്പിന്റെ കീഴിലാണ് പ്രധാനമന്ത്രി എന്നു പറയുന്നതാകും കൂടുതൽ ശരി. ഏതായാലും അനുഭവം അതാണ്.

ഇന്ത്യൻ ബ്യൂറോക്രസി പണ്ട് പ്രശസ്തമായിരുന്നു. ഭരണകൂടത്തിന്റെ ഇരുമ്പുകൊണ്ടുള്ള ചട്ടക്കൂട് എന്നാണതിനെ വിശേഷിപ്പിക്കാറുള്ളത്. എന്നാൽ രാഷ്ട്രീയത്തിലെ അപചയത്തോടൊപ്പം ഉദ്യോഗസ്ഥവൃന്ദവും അധഃപതിച്ചു. തടിച്ചുകൊഴുത്ത ഒരു നിഷ്ക്രിയ ബ്രഹ്മാണ്ഡം എന്നാണ് പ്രസിദ്ധ ജർമ്മൻ സാഹിത്യകാരനായ ഗുന്തർ ഗ്രാസ്സ് ഇന്നത്തെ ഇന്ത്യൻ ബ്യൂറോക്രസിയെപ്പറ്റി പറയുന്നത്. അത് സഹിക്കാമെന്നു വയ്ക്കുക. എന്നാൽ സ്വാർത്ഥതാല്പര്യത്തിന്നപ്പുറമൊന്നും ചിന്തിക്കാത്ത ഒരു വർഗ്ഗം എന്ന് ബ്യൂറോക്രസിയെപ്പറ്റി പറയേണ്ടി വന്നിരിക്കുന്ന സ്ഥിതിയാണിന്നുള്ളത്. ഉദ്യോഗസ്ഥ വൃന്ദത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യാനായി ജനങ്ങൾ തിരഞ്ഞെടുത്തയച്ച രാഷ്ട്രീയ നേതൃത്വത്തെപ്പോലും ബ്യൂറോക്രസി ധിക്കരിക്കുകയാണിന്ന്. അതിന്ന് സൗമ്യമായി വഴങ്ങിക്കൊടുക്കുന്ന ആൾ പ്രധാനമന്ത്രിയും!

സമീപകാലത്ത് പുറത്തുവന്ന രണ്ടു സംഭവങ്ങൾ ബ്യൂറോക്രസിയുടെ ധിക്കാരത്തിന്റെ പാരമ്യത്തേയും പ്രധാനമന്ത്രിയുടെ ഗതികേടിനേയും വ്യക്തമാക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റ് ഒരു കൊല്ലംമുമ്പ് ഒരു വിവരാവകാശ നിയമം നടപ്പാക്കുകയുണ്ടായി. അതിന്റെ ചുവടുപിടിച്ച് സംസ്ഥാനങ്ങളിലും വിവരാവകാശ നിയമങ്ങൾ പാസ്സാക്കപ്പെട്ടു. സ്വതന്ത്ര ഭാരതത്തിലെ ഏറ്റവും നല്ല നിയമ നിർമ്മാണമായി ഇന്ത്യയ്ക്കകത്തും പുറത്തും ഇത് വാഴ്ത്തപ്പെട്ടു. കാരണം അഴിമതിക്ക് കണ്ഠകോടാലിയാകുന്ന ഒരു നിയമമാണിത്.

സർക്കാർ ഓഫീസുകളുമായി ഏതെങ്കിലും തരത്തിൽ ഇടപെടേണ്ടിവന്നിട്ടുള്ളവർക്കെല്ലാം അവിടെ നടക്കുന്ന അഴിമതിയുടെ പേക്കൂത്തിനെപ്പറ്റി അനുഭവജ്ഞാനമുണ്ടാകും. എന്തു കാര്യം നടക്കണമെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലി നൽകേണ്ടിവരും. ഇടപാടിന്റെ തരമനുസരിച്ച് കൈക്കൂലിത്തുക 100 ക. മുതൽ ലക്ഷങ്ങൾ വരെ ഉയർന്നുപോകും. സർക്കാർ രേഖകളെല്ലാം "രഹസ്യ"മാകയാലും, സർക്കാർ ഓഫീസിൽ എന്തു നടക്കുന്നുവെന്നറിയാൻ മാർഗ്ഗമൊന്നുമില്ലാത്തതിനാലും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട തുക നൽകി കാര്യം നടത്തുകയേ നിവർത്തിയുള്ളൂ. വിജിലൻസുകാർ പിടികൂടുന്ന കൈക്കൂലിക്കേസുകളെപ്പറ്റി ദിവസേനയെന്നോണം പത്രങ്ങളിൽ റിപ്പോർട്ടുകൾ പ്രത്യക്ഷപ്പെടാറുണ്ടല്ലോ. ഈ വിക്രയകൾക്കെല്ലാം സൗകര്യമുണ്ടാക്കുന്നത് സർക്കാർ ഓഫീസുകൾ രഹസ്യങ്ങളുടെ ഒരു നികുംഭിലയായതുകൊണ്ടാണ്. ഒരു കൊല്ലം മുമ്പ് പാസ്സാക്കപ്പെട്ട വിവരാവകാശ നിയമം ഈ "രഹസ്യ"ത്തിന്റെ നാരായവേരുതന്നെ മുറിച്ചുകളഞ്ഞു.

ഒരു ഓഫീസിൽ എന്തുനടക്കുന്നു വെന്നും എന്തു നടക്കുന്നില്ല എന്നും അറിയാനുള്ള അവകാശം ഈ നിയമ പ്രകാരം പൗരന്മാർക്കു കൈവന്നിരിക്കു കയാണ്. നിയമത്തിന്റെ എട്ടാം വകു പ്പിൽ പറയുന്ന ചില വകുപ്പുകളിലൊ ഴികെ ഏതു വകുപ്പിലെ വിവരങ്ങൾ വേണമെങ്കിലും പൗരന്നു ലഭിക്കാറാക്കു ന്നതാണ് ഈ നിയമം. അതുകൊണ്ടു തന്നെയാണ് ലോകത്തിലെങ്ങും ഈ നിയമം പ്രകീർത്തിക്കപ്പെട്ടത്.

പക്ഷെ ഉദ്യോഗസ്ഥന്മാർക്കിത് രസി ച്ചില്ല; പ്രത്യേകിച്ചും വമ്പന്മാർക്ക്. ഒരു ജനാധിപത്യ സംവിധാനത്തിൽ മന്ത്രി മാരിൽ മിക്കവരും "പാവ"ങ്ങളായി രിക്കും. അവരെ കൊണ്ടുനടക്കുന്നതും കുഴിയിൽ ചാടിക്കുന്നതും ഉദ്യോഗസ്ഥ ന്മാരാണ്. അതിനുള്ള പ്രധാന കരു വാണ് "ഫയൽ നോട്ട്". ഫയലുക ളിൽ ഉദ്യോഗസ്ഥന്മാർ എഴുതിവിടുന്ന ഫയൽ നോട്ടുകളെ വിശ്വസിച്ചാണ് മന്ത്രിമാർ തീരുമാനങ്ങളെടുക്കുന്നത്. നാട്ടിൻപുറത്തെ അഞ്ചു സെന്റുവരുന്ന പുറംപോക്കു ഭൂമിക്കുവേണ്ടി ഒരു പാവ ത്താൻ സമർപ്പിക്കുന്ന അപേക്ഷയി ന്മേൽ, ഏതെങ്കിലും ഉദ്യോഗസ്ഥൻ "അനുവദിക്കാവുന്നതല്ല""എന്നെഴുതി വെച്ചാൽ, മന്ത്രിക്ക് പിന്നെ ഒന്നും ചെയ്യാനാവില്ല.

പുതിയ വിവരാവകാശ നിയമപ്രകാരം ഒരു ഫയലിൽ ആര്, എന്ത്, എന്തു കൊണ്ട് എഴുതിവച്ചുവെന്ന് ആർക്കും അന്വേഷിച്ചു മനസ്സിലാക്കാൻ കഴിയും. ഇത് ഉദ്യോഗസ്ഥരെയാകെ പരിഭ്രാന്ത രാക്കിയിരിക്കുന്നു. കൈക്കോഴയുടെ പ്രധാന ഉറവിടമാണ് ഫയലുകളിൽ എഴുതിവിടുന്ന വികൃതികൾ. ഇതൊക്കെ പുറത്തറിഞ്ഞാൽ പൊല്ലാ പ്പാണ്. അതുകൊണ്ട് പ്രധാനമന്ത്രിയുടെ കീഴിലുള്ള "പേഴ്സനെൽ ഡിപ്പാർട്ടു മെന്റ്" സ്വയം ഒരു നിയമമുണ്ടാക്കിയി രിക്കുന്നു. ഇതനുസരിച്ച് "ഫയൽ നോട്ട്" ഒഴിച്ച് ഏത് വിവരവും പൗര ന്മാർക്ക് ലഭിക്കുമെന്ന് നിയമം വ്യാഖ്യാ നിച്ചിരിക്കുന്നു.

പാർലിമെന്റ് പാസ്സാക്കിയ നിയമ ത്തിലോ ഗവർമ്മേണ്ട് തയ്യാറാക്കിയ ചട്ടങ്ങളിലോ "ഫയൽ നോട്ട്" ഒഴിവാ ക്കിയിട്ടില്ലെന്നിരിക്കേ, ഇത്തരമൊരു വ്യാഖ്യാനം എഴുതിച്ചേർക്കാൻ പേഴ്സ നെൽ വകുപ്പിന്ന് എന്താണധികാരം? പൗരന്മാർക്ക് ലഭ്യമല്ലാത്ത വിവരങ്ങ ളുടെ നീണ്ടൊരു പട്ടിക വിവരാവകാശ നിയമത്തിന്റെ എട്ടാം വകുപ്പിലുണ്ട് ഫയൽനോട്ട് വെളിപ്പെടുത്താൻ പാടി ല്ലെങ്കിൽ, എന്തുകൊണ്ട് ഏട്ടാം വകു പ്പിൽ പെടുത്തിയില്ല?

ഇക്കാര്യത്തിൽ മുഖമില്ലാത്ത ഉദ്യോ ഗസ്ഥൻമാരെ പഴിപറയുന്നതിൽ അർത്ഥമില്ല. പേഴ്സനെൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന പ്രധാനമന്ത്രി എന്തുകൊണ്ടിതിൽ ഇടപെടുന്നില്ല? നിയമവിരുദ്ധമായി ഇത്തരമൊരു വ്യാഖ്യാനം എഴുതി ചേർത്തവർക്കെ തിരെ എന്തുകൊണ്ട് നടപടിയെടുക്കു ന്നില്ല? പ്രധാനമന്ത്രി ഇന്ത്യയിലെ ജന ങ്ങളെയാണോ ബ്യൂറോക്രാറ്റുകളെ യാണോ പ്രതിനിധീകരിക്കുന്നത്?

ഇതിനേക്കാൾ വലിയ അതിക്രമമാണ് ബ്യൂറോക്രാറ്റുകൾ പട്ടികജാതിക്കാ രോടും പട്ടികവർഗ്ഗക്കാരോടും കാണി ക്കുന്നത്. ഭരണഘടനപ്രകാരം പട്ടിക ജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ലഭിക്കേണ്ട സംവരണാനുകൂല്യങ്ങൾ ഈ ബ്യൂറോ ക്രാറ്റുകൾ ദീർഘകാല മായി തട്ടിതെറിപ്പിച്ചുകൊണ്ടിരിക്കയാ ണ്. ഇതിനു ചൂട്ടുപിടിക്കുന്നതും ഇതേ പേഴ്സനെൽ ഡിപ്പാർട്ടുമെന്റാണുതാ നും.

കാര്യം വളരെ ലളിതമാണ്. മണ്ഡൽ കമ്മീഷന്റെ റിപ്പോർട്ട് നടപ്പാക്കിയ തോടെ ഉദ്യോഗങ്ങളിൽ 49 ശതമാനം പട്ടികജാതി പട്ടികവർഗ്ഗം, മറ്റുപിന്നോക്ക സമുദായങ്ങൾ (OBC ) എന്നിവക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. സാധാര ണഗതിയിൽ ഇതിലൊരു തർക്ക

ത്തിന്നും വഴിയില്ല. എന്നാൽ പേഴ്സനെൽ വകുപ്പ് അവിടേയും അവരുടെ "വ്യാഖ്യാന"വുമായി പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്.

ഈ വ്യാഖ്യാനപ്രകാരം ഉദ്യോഗങ്ങളിൽ 49 ശതമാനമല്ല, നൂറു ശതമാനവും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. അതിങ്ങനെയാണ് -

| | |
|---|---|
| ജനസംഖ്യയിൽ ഏഴരശതമാനം വരുന്ന പട്ടിക വർഗ്ഗക്കാർക്ക് | 7% |
| ജനസംഖ്യയിൽ 15 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാർക്ക് | 15% |
| ജനസംഖ്യയിൽ 52 ശതമാനം വരുന്ന മുന്നോക്ക സമുദായക്കാർക്ക് | 27% |
| ജനസംഖ്യയിൽ 25 ശതമാനം വരുന്ന മുന്നോക്ക സമുദായക്കാർക്ക് | 51% |

ഇത് നിയമവിരുദ്ധമാണ്. കാരണം മുന്നോക്ക സമുദായങ്ങൾക്ക് സംവരണമില്ല. ആകെയുള്ള തസ്തികയിൽ 51 ശതമാനത്തിൽ യോഗ്യതയുടെ അടിസ്ഥാനത്തിലും ബാക്കിയുള്ള 49 ശതമാനം സീറ്റിൽ സംവരാണാടിസ്ഥാനത്തിലും നിയമനം നടത്തണമെന്നതാണ് നിയമം.

ഒരു ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. 100 ക്ലർക്കുമാരെ നിയമിക്കാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തുന്നു. പരീക്ഷക്കിരുന്നവരിൽ ഏറ്റവുമധികം മാർക്കുവാങ്ങിയ 51 പേരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഇവരിൽ പട്ടികജാതിക്കാരുണ്ടാകാം; പട്ടികവർഗ്ഗക്കാരുണ്ടാകാം; OBC കൾ ഉണ്ടാകാം; ഇവിടെ ജാതി പരിഗണനനീയമല്ല; യോഗ്യതമാത്രമാണ് പരിഗണിക്കുക. ശേഷിക്കുന്ന 49 സീറ്റിൽ പട്ടികവർഗ്ഗക്കാരിൽ ഏറ്റവുമധികം മാർക്ക് വാങ്ങിയ ഏഴുപേരേയും പട്ടികജാതിക്കാരിൽ ഏറ്റവുമധികം മാർക്ക് വാങ്ങിയ 15 പേരേയും OBC ക്കാരിൽ ഏറ്റവുമധികം മാർക്ക് വാങ്ങിയ 27 പേരേയും നിയമിക്കണം.

എന്നാൽ ഇപ്പോൾ നടന്നുവരുന്നത് അതല്ല. 51 ശതമാനം സീറ്റിലേക്ക് മുന്നോക്ക സമുദായക്കാരെമാത്രം നിയമിക്കുന്നു. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയത് ഒരു പട്ടികജാതിക്കാരനായാലും അയാളെ ഇതിൽ നിയമിക്കില്ല; അയാളെ പട്ടികജാതിക്കാർക്കുള്ള സംവരണ വിഭാഗത്തിൽ മാത്രമേ പെടുത്തുകയയുള്ളൂ. സംവരണ നിയമപ്രകാരം പട്ടികജാതിക്കാർക്ക് ലഭിക്കേണ്ടിയിരുന്ന സീറ്റുകളിലൊന്ന് അവർക്ക് നഷ്ടപ്പെടുന്നുവെന്നാണതിന്റെ അനന്തരഫലം.

ഏതു സമുദായത്തിലും അതിബുദ്ധികളായ ചിലർ ജനിക്കാറുണ്ട്. അംബേദാകറെപോലെയും കെ. ആർ. നാരായണനെപോലെയുള്ള ചിലർക്ക് ഒരു സംവരണാനുകൂല്യവും കൂടാതെ അത്യുന്നതങ്ങളിൽ എത്താൻ കഴിയാറുണ്ട്. പക്ഷെ ഇന്നായിരുന്നുവെങ്കിൽ നമ്മുടെ ഗവർമ്മേണ്ട് ഇവരെയൊക്കെ പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും പിടിച്ചിട്ടുകളയുമായിരുന്നു; അങ്ങനെയാണിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇത് നിയമവിരുദ്ധമാണ്. സുപ്രീംകോടതി തന്നെ പല തവണ അത് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. പക്ഷെ കോടതി വിധിയൊന്നും നമ്മുടെ പേഴ്സനെൽ ഡിപ്പാർട്ടുമെന്റിന്നും പി. എസ്. സി. ക്കും ബാധകമല്ല. ജനങ്ങളുടെ അജ്ഞതയാണിവരുടെ പിൻബലം. ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിൽ എന്തെല്ലാം മറിമായങ്ങൾ നടക്കുന്നുവെന്നറിയുക എളുപ്പമല്ലാത്തതിനാലും അറിഞ്ഞാൽതന്നെ കോടതി കയറാൻ പിന്നോക്ക സമുദായങ്ങൾക്ക് ശേഷിയില്ലാത്തതിനാലും ബ്യൂറോക്രസിയുടെ തോന്നിവാസം തുടർന്നുകൊണ്ടേയിരിക്കുന്നു.

ഉദ്യോഗസ്ഥപടയെ നയിക്കാനും നിയന്ത്രിക്കാനും പ്രാപ്തനായ ഒരു ഭരണാധികാരിയുണ്ടാകുന്നതുവരെ നമുക്കിതൊക്കെ സഹിക്കേണ്ടിവരുമെന്നു തോന്നുന്നു. ❑

# ലംഘിക്കാൻവേണ്ടി നടത്തിയ ഒരു നിയമനിർമ്മാണം

വീടുകളിലും ഹോട്ടലുകളിലും മറ്റും കുട്ടികളെ ജോലിക്കുനിർത്തുന്നത് നിരോധിച്ചുകൊണ്ട് ഗവർമ്മേണ്ട് ഈയിടെ ഒരു നിയമനിർമ്മാണം നടത്തുകയുണ്ടായി. ഒക്ടോബർ 10ന് ഇത് പ്രാബല്യത്തിൽവരും. അതിന്നുശേഷം കുട്ടികളെ ജോലിക്കുനിർത്തിയാൽ ഒരു കൊല്ലംവരെ തടവും 20,000 ക. വരെ പിഴയും വിധിക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. വളരെ നല്ല, പുരോഗമനാത്മകമായ, ഒരു നിയമനിർമ്മാണമാണിതെന്നതിൽ സംശയമില്ല. എന്നാൽ ഇതെങ്ങനെ നടപ്പാക്കുമെന്ന് വ്യക്തമല്ല. ഇത്തരമൊരു നിയമം നടപ്പാക്കാനുള്ള ഭൗതികവിഭവങ്ങൾ ഗവർമ്മേണ്ടിന്റെ അധീനത്തിലുണ്ടോ?

ബാലവേലാ നിരോധനം ഒരു പുതിയ ഏർപ്പാടല്ല. ആപൽക്കരമായ വ്യവസായങ്ങളിൽ കുട്ടികളെക്കൊണ്ടു പണിയെടുപ്പിക്കുന്നത് മുമ്പ് നിരോധിച്ചിരുന്നു. സംഘടിത മേഖലയിലെ ബാലവേല തടയാൻ ഇതുകൊണ്ട് സാധിച്ചിട്ടുണ്ടെങ്കിലും അസംഘടിത മേഖലയിൽ ബാലവേല ഇപ്പോഴും തുടരുന്നുണ്ട്. സർക്കാർ ഉദ്യോഗസ്ഥന്മാർ കുട്ടികളെ വീട്ടുജോലിക്ക് നിർത്താൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്. എത്രപേർ ഈ നിയമം പാലിക്കുന്നുണ്ട്? നിയമലംഘനത്തിന്ന് ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ? പുതിയ നിയമത്തിന്റെ ഗതിയും ഇതു തന്നെയാവില്ലേ?

2001ലെ കനേഷുമാരി കണക്കനുസരിച്ച് ഇന്ത്യയിൽ 12 കോടി കുട്ടികൾ ബാലവേലയിൽ ഏർപ്പെട്ടിട്ടുണ്ട്. ധനികർ കൂടുതൽ ധനികരും ദരിദ്രർ കൂടുതൽ ദരിദ്രരുമായിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ സാഹചര്യത്തിൽ ബാലവേലകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം കൂടാനല്ലാതെ കുറയാൻ സാധ്യതയില്ല. കുട്ടികൾ സ്കൂളിൽ പോകാതെ പോത്തിനെപ്പോലെ പണിയെടുക്കാൻ തയ്യാറാകുന്നത് വീട്ടിലെ ദാരിദ്ര്യത്തിന്റെ ഊക്കുകൊണ്ടുമാത്രമാണ്. അതായത് ബാലവേലയുടെ ഉറവിടം ദാരിദ്ര്യമാണ്. ആ ഉറവിടം അടക്കാതെ ബാലവേല നിരോധിക്കുന്നത് ഫലവത്താകുമെന്ന് തോന്നുന്നില്ല.

ബാലവേലാ നിരോധനത്തിന്റെ അനന്തരഫലം എന്തായിരിക്കും? ജോലിയിൽനിന്ന് പുറംതള്ളപ്പെടുന്നവരും ജോലി നിഷേധിക്കപ്പെടുന്നവരും ഉപജിവനമാർഗ്ഗം കണ്ടെത്താൻ സമൂഹ്യദ്രോഹപരമായ പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞുവെന്നുവരില്ലേ? പെൺകുട്ടികൾ സദാചാരവിരുദ്ധമായ നടപടികളിലേക്ക് തിരിയാൻ പ്രേരിതരാവില്ലേ?

ഭരണഘടന നിലവിൽവന്ന് പത്തു കൊല്ലത്തിന്നകം 14 വയസ്സുവരെയുള്ളവർക്ക് നിർബ്ബന്ധ സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തണമെന്ന് ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പക്ഷെ പത്തുകൊല്ലം കഴിഞ്ഞിട്ടും ഈ ഭരണഘടനാവ്യവസ്ഥ നടപ്പാക്കുന്നതിന്റെ അടുത്തെങ്ങുമെത്താൻ ഗവർമ്മേണ്ടിന് സാധിച്ചില്ല. പാർലിമെന്റിൽ ഇക്കാര്യം ഉന്നയിച്ചപ്പോൾ പ്രധാനമന്ത്രി നെഹ്റു നൽകിയ മറുപടി ഇന്നും പ്രസക്തമാണ്. അഷ്ടിക്കുവകയില്ലാത്തവരെ പിടിച്ച് സ്കൂളിൽ കൊണ്ടുപോയി ഇരുത്തിയിട്ട് കാര്യമില്ലെന്നാണ് നെഹ്റു അന്നു പറഞ്ഞത്.

ഭരണഘടന നിലവിൽവന്ന് 55 കൊല്ലം കഴിഞ്ഞിട്ടും, നിർബ്ബന്ധ സൗജന്യ വിദ്യാഭ്യാസം എന്ന ആശയം നമുക്ക് പ്രാബല്യത്തിൽ കൊണ്ടുവരാനായിട്ടില്ല. ഭരണഘടനാ

↳ പേജ് 13

# ബ്രിട്ടീഷ് മാധ്യമ ലോകത്തിലും വാഴുന്നത് വരേണ്യവർഗ്ഗം

**വെ**ളുത്ത തൊലി, പുരുഷൻ, ഇട ത്തരക്കാരൻ - പിന്നെ ഒരു ആഢ്യകുല പശ്ചാത്തലവും - ബ്രിട്ടനിൽ പത്രപ്ര വർത്തകനാകാൻ വേണ്ട യോഗ്യതകൾ ഇവയാണ്. ആഢ്യകുലപശ്ചാത്തലമെ ന്നുപറഞ്ഞാൽ സ്വകാര്യ സ്വാശ്രയ വിദ്യാലയത്തിൽപഠനം, ഓക്സ് ഫോർഡിലോ കേംബ്രിഡ്ജിലോ ഉന്ന തപഠനം, പിന്നെ ബന്ധുബലവും എന്നാണർത്ഥം.

ഇന്ത്യയിലെ മാധ്യമങ്ങളുടെ തലപ്പ ത്തുമുഴുവനും മേൽജാതിക്കാരായ ആഢ്യൻമാരാണെന്ന് ഈയിടെ ഒരു സർവ്വേയിൽ കാണുകയുണ്ടായി. ഇന്ത്യ ക്കുമാത്രം ബാധകമായതല്ല ഇത്. ബ്രിട്ട നിലെ ഒരു പ്രമുഖ വിദ്യാഭ്യാസസ്ഥാപ നമായ സുട്ടൻ ട്രസ്റ്റ് നടത്തിയ പഠന ത്തിൽ ബ്രിട്ടനിലെ സ്ഥിതിയും ഏതാണ്ട് സമാനമായി കണ്ടു,

ബ്രിട്ടനിലെ പ്രമുഖ പത്ര-ടെലിവി ഷൻ ജർണലിസ്റ്റുകളിൽ (എഡിറ്റർമാർ, കോളമെഴുത്തുകാർ, ആങ്കർമാർ, എക്സിക്യൂട്ടീവുകൾ) 54 ശതമാനവും ചെലവേറിയ സ്വകാര്യ വിദ്യാലയങ്ങ ളിൽ പഠിച്ചവരാണെന്ന് കണ്ടു. ബ്രിട്ടീഷ് വിദ്യാർത്ഥികളിൽ വെറും ഏഴു ശതമാനം മാത്രമേ ഇത്തരം സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്നുള്ളൂ. കുട്ടികളിൽ 90 ശതമാനവും പഠിക്കുന്ന സർക്കാർ സ്കൂളുകളിൽ പഠിച്ചവർ പത്ര ക്കാരിൽ 14 ശതമാനം മാത്രമാണ്. സർവ്വകലാശാലാ വിദ്യാഭ്യാസം നേടി യിട്ടുള്ള പത്രക്കാരിൽ പകുതിയും ഓക്സ്ഫോർഡിലോ കേംബ്രി ഡ്ജിലോ പഠിച്ചവരാണ്.

യോഗ്യതയായിരിക്കണം എന്തിനും മാനദണ്ഡമെന്ന് നിരന്തരം വാദിച്ചുകൊ ണ്ടിരിക്കുന്നവരുടെ നാട്ടിലാണ് ഈ സ്ഥിതിയെന്നോർക്കണം. വരേണ്യവർഗ്ഗ ത്തിന്റെ ഈ തള്ളിക്കയറ്റം വർദ്ധിച്ചുവ രികയാണുതാനും. ഇരുപതുകൊല്ലം മുമ്പ് ഇതുപോലൊരു പഠനം നടത്തി യിരുന്നു. ജർണലിസ്റ്റുകൾക്കിടയിലെ വരേണ്യവർഗ്ഗം അന്നത്തേക്കാൾ പത്തു ശതമാനം കണ്ട് വർദ്ധിച്ചിരിക്കുകയാണി പ്പോൾ.

സുട്ടൺ ട്രസ്റ്റിന്റെ ചെയർമാനായ സർ പീറ്റർ ലാബൽ പറയുന്നു: മാധ്യമ ലോകമടക്കമുള്ള സമൂഹത്തിന്റെ ഉന്ന തസ്ഥാനങ്ങളിൽ ദരിദ്രകുടുംബങ്ങളിൽ നിന്നുള്ളവർക്ക് എത്തിപ്പെടാനുള്ള സാധ്യത അടുത്ത ഇരുപതുകൊല്ലം കൊണ്ട് കൂടുതൽ വഷളാകുമെന്നാണ് എന്റെ ഭയം. മിടുക്കൻമാർക്ക് കോണി പ്പടിയിൽ ഒരു കാൽ കുത്താനും, പിടി ച്ചുകയറാനും ഒരവസരമുണ്ടാകുമെന്ന് ഉറപ്പുവരുത്താൻ മാധ്യമലോകം പലതും ചെയ്യേണ്ടതുണ്ട്.

സുട്ടൻ ട്രസ്റ്റ് പഠനത്തിൽ പെടാ ത്തതും മറ്റു സർവ്വേകളിൽ തെളിഞ്ഞി ട്ടുള്ളതുമായ വേറെയുംചില കാര്യങ്ങ ളുണ്ട്. ബ്രിട്ടീഷ് മാധ്യമലോകത്തിലെ വംശീയ വിവേചനവും ലിംഗവിവേചന വുമാണതിൽ പ്രധാനം. മറ്റുമിക്കതൊ ഴിൽരംഗങ്ങളെന്നപോലെ ബ്രിട്ടീഷ് ജേർണലിസവും വെള്ളക്കാരുടേയും പുരുഷൻമാരുടേയും കീഴിലാണ്. ഖജ നാവിലെ പണംകൊണ്ടു നടത്തുന്ന ബി.ബി.സി. യിൽ പോലും അതാണ് സ്ഥിതി.

ഇതെല്ലാം മാധ്യമങ്ങളുടെ വിശ്വാസ്യ തയെകുറിച്ച് സംശയം ജനിപ്പിക്കുന്നു. ജർണലിസ്റ്റുകൾ പ്രതിനിധീകരിക്കുന്ന ആഢ്യവർഗ്ഗത്തിന്റെ താൽപര്യങ്ങളും

അവരെ ബാധിക്കുന്ന പ്രശ്നങ്ങളും റിപ്പോർട്ട്ചെയ്യുന്നതിലാവില്ലേ പത്രക്കാരുടെ ശ്രദ്ധ എന്ന ചോദ്യം പ്രസക്തമാണെന്ന് സർ പീറ്റർ പറയുന്നു.

മാധ്യമ രംഗത്ത് ആഢ്യൻമാർ കയറി പറ്റുന്നതിന് വേറേയും കാരണങ്ങളുണ്ട്. പണം വാരിക്കോരിചെലവാക്കി സ്വകാര്യ വിദ്യാലയത്തിൽ പഠിച്ചു പുറത്തുവരുന്നവർക്ക് സ്വാഭാവികമായും നല്ല തന്റേടം കാണും; ആദ്യഘട്ടത്തിലെ താഴ്ന്ന ശമ്പളനിരക്ക് സഹിച്ചു മുന്നോട്ടുപോകാനുള്ള സാമ്പത്തിക പിൻബലം അവർക്കുണ്ടാകും; അതുപോലെ മാധ്യമരംഗത്ത് ആദ്യഘട്ടത്തിൽ ജോലിക്ക് ഒരു സ്ഥിരതയുമില്ല. അതിനെ അതിജീവിക്കാനും കഴിയണം; ജർണലിസത്തിൽ ബിരുദാനന്തരപഠനം നടത്താനും അവർക്കേ കഴിയൂ. സർവ്വോപരി ബന്ധുബലവും മിത്രബലവും അവർക്കുണ്ടാകും.

സർക്കാർ സ്കൂളിൽ പഠിച്ച ആളും "സൺഡേ എക്സ്പ്രസ്സി"ന്റെ പത്രാധിപരുമായ മാർട്ടിൻ ടൗൺ സെൻഡ് ഇത് സമ്മതിക്കുന്നു. ഒരു പത്രത്തിന്ന് ജർണലിസ്റ്റിനെ ആവശ്യമായി വരുമ്പോൾ, തന്റേടവും ചൊറുചൊറുക്കുമുള്ള ആളെയാണ് തിരഞ്ഞെടുക്കുക. സ്വകാര്യസ്കൂളിൽ പഠിച്ചവരിലേ അതുകാണൂ. അതുകൊണ്ടാകണം പത്രലോകത്തിൽ ഇത്രയേറെ സ്വകാര്യസ്കൂളുകാർ എന്ന് അദ്ദേഹം പറയുന്നു.

മാധ്യമരംഗത്തെ റിക്രൂട്ട്മെന്റ് അനൗപചാരികമാണ്. പരിചയമുള്ളവരുടെ ശുപാർശകൾക്കാണ് പത്രാധിപൻമാർ കൂടുതൽ വില കൽപിക്കുക. ആ പരിചയക്കരാകട്ടെ, സ്വാഭാവികമായും വരേണ്യവർഗ്ഗത്തിൽപെട്ടവരുമാകും. മാധ്യമരംഗത്തുമാത്രമല്ല ഈ പ്രതിഭാസം. ഉയർന്ന തൊഴിലുകളിലെല്ലാം ഇങ്ങനെ സംഭവിക്കുന്നുണ്ട്. ❑

---

***ലംഘിക്കാൻവേണ്ടി .......***

വ്യവസ്ഥ നടപ്പാക്കിയാൽ; ബാലവേല തനിയെത്തന്നെ ഇല്ലാതാകും. നേരെമറിച്ച് നിർബ്ബന്ധ സൗജന്യ വിദ്യാഭ്യാസം നടപ്പാക്കാൻ സാധിക്കാത്ത പക്ഷം ബാലവേലാനിരോധനം ഫലവത്താകുകയുമില്ല.

ഒക്ടോബർ പത്താംതിയ്യതി 12 കോടി കുട്ടികൾ പണിയുപേക്ഷിച്ച് തെരുവിലിറങ്ങുമ്പോൾ, ഗവർമ്മേണ്ട് അവരെ എങ്ങനെയാണ് കൈകാര്യം ചെയ്യുക? ഇവരെയെല്ലാം സ്കൂളിൽ ചേർക്കാൻ വേണ്ട സംവിധാനം ഗവർമ്മേണ്ട് ഉണ്ടാക്കുമോ? ഇവർക്ക് വിശപ്പടക്കാൻ എന്താണ് മാർഗ്ഗം?
യാചകരുടെ എണ്ണം വർദ്ധിപ്പിക്കുകയല്ലേ ഇതു ചെയ്യുക?

ബാലവേല അനുവദിക്കണമെന്നോ പ്രോത്സാഹിപ്പിക്കണമെന്നോ ആരും പറയില്ല. ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ ശാപങ്ങളിലൊന്നാണ് ബാലവേല. ഏറ്റവും അമൂല്യമായ സമ്പത്തായ മനുഷ്യവിഭവത്തെ ഉറവിടത്തിൽവച്ചുതന്നെ കെടുത്തിക്കളയുന്ന ഏർപ്പാടാണ് ബാലവേല. അതൊക്കെ ശരിയാണ്. പക്ഷെ ഇതിന്നെങ്ങനെ അറുതിവരുത്തുമെന്നത് വലിയൊരു ചോദ്യചിഹ്നമാണ്. കടുത്ത സാമൂഹ്യ പ്രശ്നങ്ങളെ വെറും നിരോധനത്തിലൂടെ ഇല്ലായ്മ ചെയ്യാനാവില്ല. നാമതിനെ രചനാത്മകമായി നേരിടേണ്ടതുണ്ട്. നിർബ്ബന്ധ സൗജന്യ വിദ്യാഭ്യാസമെന്ന ഭരണഘടനാ വ്യവസ്ഥ നടപ്പാക്കാൻ ഗവർമ്മേണ്ടിനു കഴിഞ്ഞാൽ, 14 വയസ്സിന്നുതാഴെയുള്ള കുട്ടികളെല്ലാം സ്കൂളിലെത്തും. അപ്പോൾപിന്നെ ബാലവേലാനിരോധനത്തിന്റെ ആവശ്യം തന്നെ ഉണ്ടാവില്ല. മറിച്ചാണെങ്കിലോ, നിരോധന കല്പനകളെല്ലാം ലംഘിക്കപ്പെടാനുള്ള വാറോലകളായിത്തീരും.

❑

# അണക്കെട്ടുകൾ ടൈംബോംബുകളാവുമ്പോൾ

**- ഡോ. ഇ.വി. രാമകൃഷ്ണൻ -**

**2**006 ആഗസ്റ്റ് 7 മുതൽ 11 വരെയുള്ള ദിവസങ്ങളിൽ ഗുജറാത്തിലെ സൂറത്ത് നഗരം അതിന്റെ ചരിത്രത്തിലിന്നേവരെ കാണാത്ത തരത്തിലുള്ള വെള്ളപ്പൊക്കത്തെയാണ് നേരിട്ടത്. 90 ശതമാനം നഗരവും വെള്ളത്തിനടിയിലായി. ചില സ്ഥലങ്ങളിൽ 25 അടിയിലധികമായിരുന്നു ജലനിരപ്പ്. 200ൽ താഴെമാത്രം ആൾക്കാർ മരിച്ചുവെന്ന് സർക്കാർ പറയുമ്പോൾ 5000-ത്തിനും 10000-ത്തിനുമിടയിൽ ആൾക്കാർ മരിച്ചിട്ടുണ്ടെന്നാണ് അനൗദ്യോഗിക റിപ്പോർട്ടുകൾ കാണിക്കുന്നത്. ഒരു പ്രതിപക്ഷ എം.എൽ.എ. കാണാതായ ആൾക്കാരുടെ എണ്ണം 5000-ത്തിലധികം വരുമെന്ന് പ്രസ്താവനയിൽ പറഞ്ഞു.

ഈ വെള്ളപ്പൊക്കമുണ്ടായത് സൂറത്തിന്റെ ഏകദേശം 60 കിലോമീറ്റർ കിഴക്കുള്ള ഉക്കായ് ഡാമിൽനിന്ന് വെള്ളം തുറന്നുവിട്ടതിനാലാണ്. സൂറത്തിനെ മുറിച്ചൊഴുകുന്ന താപ്തി നദിയിലാണ് ഈ അണക്കെട്ട്. 1969-ൽ നിർമ്മിച്ച ഈ ഡാമിന്റെ പ്രാഥമിക ലക്ഷ്യം സൂറത്ത് നഗരത്തെ വെള്ളപ്പൊക്കത്തിൽനിന്ന് രക്ഷിക്കുകയായിരുന്നു. 1968ലുണ്ടായ വലിയൊരു വെള്ളപ്പൊക്കത്തിനുശേഷമാണീ അണക്കെട്ടിന്റെ നിർമ്മാണം തുടങ്ങിയത്. വി.കെ.ആർ.വി. റാവു അതിന്റെ ഉദ്ഘാടനസമയത്ത് അണക്കെട്ടിന്റെ ലക്ഷ്യം വെള്ളപ്പൊക്കനിയന്ത്രണമാണെന്നും അതിനുവേണ്ട സംവിധാനമുണ്ടാവണമെന്നും പറഞ്ഞിരുന്നു.

എന്നാൽ വരൾച്ചയുടെ ചരിത്രമുള്ള ഗുജറാത്തിൽ വെള്ളം രാഷ്ട്രീയവൽക്കരിക്കപ്പെട്ടതോടെ, ഏറ്റവും അധികം ജലനിരപ്പിൽ വെള്ളം ശേഖരിക്കുകയെന്നത് സർക്കാർ നയമായി. മധ്യപ്രദേശിലും മഹാരാഷ്ട്രയിലുമുള്ള വലിയൊരു പ്രദേശത്തിൽനിന്നാണ് താപ്തിയുടെ സ്രോതസ്സുകൾ ഉത്ഭവിക്കുന്നത്. അവിടങ്ങളിൽ വലിയ മഴയുണ്ടായതോടെ ഡാമിലെ ജലനിരപ്പുയർന്നു. അഹമ്മദാബാദിലെ ജനവികാസ് മഞ്ച് നടത്തിയ അന്വേഷണത്തിൽ ആഗസ്റ്റ് 5-ന് രാവിലെ ഡാമിലെ ജലനിരപ്പ് 135.29 അടിയായിരുന്നപ്പോൾ വെള്ളം തുറന്നുവിട്ടിരുന്നെങ്കിൽ ഇത്ര ഭീഷണമായ നാശത്തിൽനിന്ന് 35 ലക്ഷം ജനങ്ങളുള്ള സൂറത്ത് നഗരത്തെ രക്ഷിക്കാമായിരുന്നുവെന്നാണ് കണ്ടെത്തിയത്. ആഗസ്റ്റ് 7-ന് ഒരുമിച്ച് 20 ലക്ഷം ക്യൂസെക്സിലധികം വെള്ളം തുറന്നുവിട്ടപ്പോൾ നഗരത്തിൽ മിക്കവർക്കും വരാനിരിക്കുന്ന മഹാവിപത്തിനെക്കുറിച്ച് യാതൊരു മുന്നറിയിപ്പും സർക്കാർ കൊടുത്തില്ല. അന്ന് രാത്രിയോടെ നഗരത്തിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ വളരെ ശക്തിയായ ഒഴുക്കോടെ വെള്ളം ഇരച്ചുകയറി നിരവധി കുടുംബങ്ങൾ ഒഴുകിപ്പോയതായി സംശയിക്കുന്നു. കതാർഗാം എന്ന സ്ഥലത്തെ ഒരു അനാഥാശ്രമത്തിലെ അന്തേവാസികളായ മുഴുവൻ കുട്ടികളും (ഇവരുടെ എണ്ണം 50 എന്നും 100 എന്നും പറയപ്പെടുന്നു) മുങ്ങിമരിച്ചതായി സ്ഥിരീകരിക്കാത്ത റിപ്പോർട്ടുണ്ട്. സർക്കാരിനെതിരെ സൂറത്തിലെ ഒരു വക്കീൽ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ ഫയൽ ചെയ്തിട്ടുണ്ട്. സർക്കാർ മുൻ ഹൈക്കോടതി ജഡ്ജി അംഗമായുള്ള അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ടെങ്കിലും ജനങ്ങൾക്ക് അതിൽ കാര്യമായ വിശ്വാസം ഇല്ലെന്നതാണ് വാസ്തവം.

ഇത്രയും വലിയ വിപത്ത് മനുഷ്യനിർമ്മിതമായ ദുരന്തമായിരുന്നുവെന്ന് പരക്കെ സൂറത്തിലെ പൊതുജനങ്ങൾ പറയുന്നുണ്ട്. 'ഭീകരവാദ'ത്തിനെതിരെ സദാ ജാഗ്രത പാലിക്കുന്ന മോഡി

സർക്കാർ ജനങ്ങളുടെ ജീവന്നും സ്വത്തിന്നും എന്തുതരം വിലയാണ് കല്പിക്കുന്നതെന്ന ചോദ്യവും പരക്കെ ഉയരുന്നുണ്ട്. ഈ സംഭവം സംബന്ധിച്ച് ഒരാൾക്കെതിരെയും സർക്കാർ നടപടിയെടുത്തിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ആഗസ്റ്റ് 8-ന് പൗർണമിയായതിനാൽ കടലിൽ ശക്തിയായ വേലിയേറ്റമുണ്ടാവുമെന്നും വെള്ളം തുറന്നുവിട്ടാൽ അത് കടലിൽ പോവാതെ നഗരത്തിലേക്കാണ് പടരുകയെന്നും മനസ്സിലാക്കാൻ സർക്കാറിലെ ഉന്നത കേന്ദ്രങ്ങൾ വിസമ്മതിച്ചതിന്റെ പിന്നിലെ നിഗൂഢതകളും ഇവിടത്തെ ജനങ്ങൾക്ക് അറിയാൻ അവകാശമുണ്ട്. ചില ഡിപ്പാർട്ടുമെന്റുകളും ഉദ്യോഗസ്ഥരും തമ്മിലുള്ള പിണക്കങ്ങൾക്ക് ഒരു നഗരം ബലിയാടാകുകയായിരുന്നോ? അതോ വെള്ളത്തിനോടുള്ള അടങ്ങാത്ത ആർത്തി സർക്കാരിനെ തക്കസമയത്ത് വേണ്ടത് ചെയ്യുന്നതിൽനിന്ന് വിലക്കിയോ? 351 അടിവരെ ജലനിരപ്പുയർന്നാലും ഡാമിന് ഭീഷണിയില്ലായിരുന്നുവെന്ന് വിദഗ്ദ്ധർ പറയുന്നു. എന്നാൽ എന്തിനാണ് 345 അടി ജലനിരപ്പുള്ളപ്പോൾ 30 ലക്ഷം ക്യൂസെക്സ്വരെ വെള്ളം തുറന്നുവിട്ടത്?

മേധാപട്കർ പറയുന്നതിൽ കാര്യമുണ്ടെന്ന് ഈ സംഭവത്തിനുശേഷം ചിലരെങ്കിലും സ്വകാര്യമായി പറയുന്നു. ജാഗ്രതയുള്ള ഒരു സിവിൽ സമൂഹത്തിന്റെ അഭാവം ഇന്നത്തെ ഗുജറാത്തിന്റെ പൊതുസ്വഭാവമാണ്. തീരെ സുതാര്യതയില്ലാത്തതും മുഖ്യമന്ത്രിയുടെ ഇമേജ് മാത്രം ഉയർത്തിക്കാണിക്കുന്നതുമായ ഒരു ഭരണകൂടം ഇത്തരം വപത്തിനെ മുൻകൂട്ടികാണാതെ പോയിയെന്നുമാത്രമല്ല. അതിനുശേഷവും വേണ്ടത്ര ശുഷ്ക്കാന്തിയോടെ നഗരശുചീകരണകാര്യങ്ങൾ ഏറ്റെടുത്തില്ല. പ്രത്യേകിച്ചും മുസ്ലീങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സഹായമെത്തിക്കുന്നതിൽ വീഴ്ചവന്നതായി പരക്കെ പരാതിയുണ്ട്.

ഈ സംഭവം നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ദേശീയ സ്വഭാവം കണക്കിലെടുത്ത് താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകിച്ചും നാം ചർച്ചചെയ്യേണ്ടതുണ്ട്.

1. 'ഡിസാസ്റ്റർ മാനേജ്മെന്റ്' എന്തുകൊണ്ട് ജനപങ്കാളിത്തമില്ലാത്ത അക്കാദമിക് സംരംഭങ്ങൾ ആവുന്നു?

2. പുഴയെപ്പറ്റിയുള്ള നാട്ടറിവുകൾ എന്തുകൊണ്ട് വെള്ളപ്പൊക്കനിയന്ത്രണം മാതിരിയുള്ള ജീവന്മരണ പ്രശ്നങ്ങളിൽ പ്രസക്തമാകുന്നില്ല?

3. ഭരണകൂടം ഈ ആപത്തിനെ നേരിട്ടത് നിരന്തരം കളവുകൾ പറഞ്ഞുകൊണ്ടാണ്. വെള്ളപ്പൊക്കത്തിനു ശേഷം ഇപ്പോൾ നഗരത്തിൽ പടർന്നുകൊണ്ടിരിക്കുന്ന സാംക്രമിക രോഗങ്ങളെക്കുറിച്ചും തികഞ്ഞ സെൻസറിംഗ് നടക്കുന്നു. അറിയാനുള്ള അധികാരം ഇത്തരം സന്ദർഭങ്ങളിൽ ജനങ്ങൾക്ക് എങ്ങനെയാണ് തിരിച്ചുപിടിക്കാൻ കഴിയുക?

4. ഏറ്റവുമധികം നാശവും കഷ്ടതകളും അനുഭവിച്ചത് സംഘടിതരല്ലാത്ത, അതേസമയം ഈ നഗരത്തിന്റെ സമ്പത്ത് മുഴുവൻ ഉല്പാദിപ്പിച്ചിട്ടുള്ള, തൊഴിലാളികളാണ്. നിരവധിപേർ ഒലിച്ചുപോയി. കുട്ടികൾ ഒലിച്ചുപോവുന്നത് കണ്ടവരുണ്ട്. കടൽത്തീരത്ത് പലേടത്തും ശവങ്ങൾ ഇപ്പോഴുമടിയുന്നുണ്ട്. സംഘടിത തൊഴിലാളിവർഗ്ഗത്തിന് ഇത്തരമൊരു സന്ദർഭത്തിൽ കാര്യമായി ഇടപെടാൻ കഴിയുമായിരുന്നു. സർക്കാറിന്റെ തൊഴിൽ നിയമങ്ങളും നീതികളും പുന:പരിശോധനക്ക് വിധേയമാവണം.

5. നമ്മുടെ നഗരവികസനത്തെപ്പറ്റി അടിസ്ഥാനപരമായ ചോദ്യങ്ങളാണ് ഈ മഹാവിപത്ത് ഉയർത്തുന്നത്. താപ്തി ഏറെക്കാലമായി ചുരുങ്ങിവരികയായിരുന്നു. തീരങ്ങളൊക്കെ കയ്യേറി വലിയ സൗധങ്ങളും ബഹുനിലകെട്ടിടങ്ങളും ഉണ്ടാക്കിയവർ ഉൾപ്പെട്ടവരാണ് നഗരസഭയും ഭരണകേന്ദ്രങ്ങളും നിയ

☞പേജ് 17

# വിവരാവകാശനിയമത്തിന്റെ കഥകഴിക്കാൻ നീക്കം

**- അരുണ റോയ് -**

**പാ**ർലമെന്റ് 2005 ൽ ഇന്ത്യൻ വിവരാവകാശനിയമം പാസാക്കിയപ്പോൾ, ലോകത്തിലെ ഏതാണ്ടെല്ലാരാജ്യങ്ങളും അതിനെ പ്രകീർത്തിക്കുകയുണ്ടായി. പൗരനും ഭരണകൂടവും തമ്മിലുള്ള ബന്ധത്തെതന്നെ പുതുക്കിയെഴുതുന്ന ചരിത്രപരമായൊരു നിയമനിർമ്മാണമായി അത് വാഴ്ത്തപ്പെട്ടു. ലോകത്തിലെ ഏറ്റവും പുരോഗമനാത്മകമായ വിവരാവകാശനിയമങ്ങളിലൊന്നായി അതു ഗണിക്കപ്പെട്ടു. ഈ നിയമത്തിലെ പലവ്യവസ്ഥകളും അനുകരണീയമായ മാതൃകകളായി പ്രശംസിക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ജനങ്ങളാകട്ടെ, ഈ നിയമം വ്യാപകമായി ഉപയോഗപ്പെടുത്താൻ തുടങ്ങി. അഴിമതി, കാര്യക്ഷമതയില്ലായ്മ, അധികാരദുർവ്വിനിയോഗം എന്നിവക്കെതിരെ പോരാടാൻ കിട്ടിയ ഒരായുധമായി ജനങ്ങൾ അതിനെ ഉപയോഗപ്പെടുത്തി.

പക്ഷെ നിയമം പ്രാബല്യത്തിൽ വന്ന് ആറുമാസം കഴിയുമ്പോഴേക്കും, നിയമത്തെ ഫലത്തിൽ നിഷ്ഫലമാക്കുന്ന കുറെ ഭേദഗതികൾക്ക് കേന്ദ്രമന്ത്രിസഭ, അംഗീകാരം നൽകിയിരിക്കുന്നു. ഈ ഭേദഗതികളിൽ ഏറ്റവും മാരകമായത് "ഫയലിലെ കുറിപ്പുകൾ" പരസ്യപ്പെടുത്തുന്നതിനെ തടയുന്ന ഒന്നാണ്. മറ്റൊന്ന് മന്ത്രിസഭാതീരുമാനം സംബന്ധിച്ചരേഖകൾ പരസ്യപ്പെടുത്തുന്നതിനെ തടയാനുള്ളതാണ്. അതായത്, ഗവർമ്മേണ്ട് എന്തുകൊണ്ടാണ്, എങ്ങനെയാണ് ഇത്തരമൊരു തീരുമാനത്തിലെത്തിയതെന്ന് പൗരൻമാർക്കിനി അറിയാൻ സാധ്യമാവില്ലെന്നർത്ഥം.

എന്താണീ ഫയൽ? എന്താണീ ഫയലിലെ കുറിപ്പുകൾ? സാധാരണക്കാർക്ക് ഒരു കൊട്ട കടലാസ് എന്നതിൽ കവിഞ്ഞ ഒരു വിവരണവും ഫയലിനെപറ്റി ഉണ്ടാവില്ല. സർക്കാർ ഫയലിനു രണ്ടു ഭാഗമുണ്ട്. ഗവർമ്മേണ്ടിന്റെ പരിഗണനയിലിരിക്കുന്ന കാര്യങ്ങളാണ് വലതുഭാഗത്ത് കാണുക; ഇടതുഭാഗത്ത് അതിനെകുറിച്ചുള്ള കുറിപ്പുകളാണ്. ഉദ്യോഗസ്ഥൻമാർ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എഴുതുന്നത് ഈ കുറിപ്പിലാണ്. ഒരു നിർദേശം അംഗീകരിച്ചാലും തിരസ്കരിച്ചാലും അതെഴുതുന്നത് കുറിപ്പിലാണ്. ചുരുക്കത്തിൽ ഗവർമ്മേണ്ട് ഒരു തീരുമാനത്തിലെത്തിയത് എങ്ങനെയെന്ന് വ്യക്തമാക്കുന്നത് ഈ "ഫയൽകുറിപ്പു"കളാണ്.

ഫയൽകുറിപ്പുകളെകുറിച്ച് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ ഈയിടെ ഒരു കേസിൽ ഇങ്ങനെ പരാമർശിക്കുകയുണ്ടായി: ഗവർമ്മേണ്ടിന്റെ പരിഗണനയിലുള്ള വിഷയം സംബന്ധിച്ച ചർച്ചകളിൽ മിക്കതും നോട്ട് ഷീറ്റുകളിലാണ് കുറിച്ചിടുന്നത്; നോട്ട് ഷീറ്റിലെ ഈ കുറിപ്പുകളെ ആധാരമാക്കിയാണ് മിക്കതീരുമാനങ്ങളും കൈകൊള്ളുന്നതും പലപ്പോഴും തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതുപോലും നോട്ട്ഷീറ്റിലായിരിക്കും. ഈ കുറിപ്പുകളാണ് പൊതുവെ ഫയൽ കുറിപ്പുകൾ എന്നു പറയുന്നത്.

ഒരു തീരുമാനമെടുത്തതിന്റെ ഉത്തരവാദിത്വം ആർക്കാണ്; ആരാണതിനു സമാധാനം പറയേണ്ടത് എന്ന് വ്യക്തമാക്കുന്നത് ഈ ഫയൽകുറിപ്പുകളാണ്; അത് പരസ്യമാക്കുന്നതിനെ ഉദ്യോഗസ്ഥൻമാർ ഭയപ്പെടുന്നു. ഗവർമ്മേണ്ടിപ്പോൾ വിവരാവകാശനിയമത്തിന്നു ഭേദഗതി കൊണ്ടുവരുന്നതും ഈ ഉദ്യോഗസ്ഥൻമാരെ രക്ഷിക്കാനാണ്.

പൗരൻമാരുടെ ജീവിതത്തെ ബാധിക്കുന്ന ഒരു തീരുമാനം ഗവർമ്മേണ്ട് കൈക്കൊണ്ടുവെങ്കിൽ അതെങ്ങനെ സംഭവിച്ചു എന്നറിയാൻ പൗരനവകാശമുണ്ട്. ആ അവകാശമാണ് ഗവർമ്മേണ്ടിപ്പോൾ നിഷേധിക്കാൻ പോകുന്നത്.

വിവരാവകാശനിയമത്തിൽ "വിവരം" എന്ന പദത്തിന്ന് വിസ്തരിച്ച നിർവ്വചനം തന്നെ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര ഗവർമ്മേണ്ടിന്റെ പേഴ്സനെൽ ആന്റ് ട്രെയിനിങ്ങ് ഡിപ്പാർട്ടുമെന്റ് പാർലമെന്ററിയാതെ ഒരട്ടിമറിപ്പണി നടത്തിയിട്ടുണ്ട്. അവരുടെ വെബ് സൈറ്റിൽ വിവരാവകാശനിയമം നൽകിയപ്പോൾ "വിവര"ത്തിന്നുള്ള നിർവ്വചനം അതേപടി നൽകിയതായി കാണാം. എന്നാൽ അതവിടംകൊണ്ട് അവർ നിർത്തിയില്ല. "ഫയൽനോട്ടുകളൊഴിച്ച്" എന്നൊരു ഭാഗം കൂടി അവർ തിരുകിക്കയറ്റിയിരിക്കുന്നു. പാർലമെന്റ് പാസാക്കിയ നിയമത്തിലില്ലാത്ത ഇതെങ്ങനെ സർക്കാർ വക വെബ് സൈറ്റിൽ കയറിപ്പറ്റി?

ഈ പ്രശ്നം കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെ പരിഗണനക്ക് വന്നപ്പോൾ, കമ്മീഷന്റെ തീരുമാനം അസന്ദിഗ്ധമായിരുന്നു: "നിലവിലുള്ള വിവരാവകാശനിയമത്തിലെ വ്യവസ്ഥകളനുസരിച്ച്, ഒരു പൗരന് ഫയൽ കുറിപ്പുകളിലടങ്ങുന്ന വിവരം ആവശ്യപ്പെടാൻ അവകാശമുണ്ട്." ഇതോടെ പ്രശ്നം തീരേണ്ടതായിരുന്നു. കാരണം നിയമപ്രകാരം ഇൻഫർമേഷൻ കമ്മീഷനാണ് ഇതിലെ ആത്യന്തിക അധോറിട്ടി. പക്ഷേ പേഴ്സനെൽ ഡിപ്പാർട്ടുമെന്റിന്റെ വെബ്സെറ്റിൽ ഇപ്പോഴും "ഫയൽ നോട്ട് ഒഴികെ" എന്നുള്ള വിശേഷണം തുടരുകയാണ്.

കഴിഞ്ഞ ജൂലായ് 13 ന് സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ മറ്റൊരുകേസിൽ ഈ പ്രശ്നം ഏറ്റുപിടിക്കുകയുണ്ടായി. കമ്മീഷന്റെ കല്പനയിൽ ഇങ്ങനെ പറയുന്നു: ഫയൽകുറിപ്പുകളെ വിവരാവകാശനിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെങ്കിലും, ചില അധികാരികൾ ഫയൽകുറിപ്പുകൾ പരിശോധിക്കാനുള്ള അപേക്ഷയും അതിന്റ പകർപ്പിനുള്ള അപേക്ഷയും തിരസ്കരിച്ചുവെന്നതിൽ കമ്മീഷന് അതിയായ ഉത്കണ്ഠയുണ്ട്. ഫയൽകുറിപ്പുകൾ കാണിക്കാതിരിക്കുന്നതിന്ന് കാരണമായിട്ടവർ പറയുന്നത് പേഴ്സനെൽ വകുപ്പിന്റെ വെബ്സൈറ്റാണ്. പേഴ്സനെൽ വകുപ്പിന്റെ വെബ്സൈറ്റ് അധികാരികളുടെ മനസ്സിൽ ഒരുപാട് ആശയകുഴപ്പമുണ്ടാക്കുന്നുണ്ട്. അതിനാൽ വെബ്സൈറ്റിൽനിന്ന് അതു നീക്കംചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷൻ ഫെബ്രുവരി 26ന്നും മാർച്ച് 27ന്നും മേയ് 8ന്നും മേയ് 26ന്നും പേഴ്സനെൽ വകുപ്പിന്ന് എഴുതിയിട്ടും അവർ അനുസരിച്ചിട്ടില്ല. അതിനാൽ അഞ്ചുദിവസത്തിന്നകം പേഴ്സനെൽ വകുപ്പിന്റെ വെബ്സെറ്റിൽനിന്നും അനധികൃതഭാഗം നീക്കം ചെയ്യാത്തപക്ഷം പേഴ്സനൽ വകുപ്പിന്നെതിരെ നടപടിയെടുക്കുമെന്ന് കമ്മീഷൻ താക്കീതു നൽകി. എന്നിട്ടും ഫലമൊന്നുമുണ്ടായില്ല. ❏

---

## അണക്കെട്ടുകൾ...............

ന്ത്രിക്കുന്നത്. സമഗ്രമായ ഒരു പൊളിച്ചെഴുത്ത് ആവശ്യപ്പെടുന്ന വികസനനയങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ ചർച്ച ചെയ്യപ്പടാത്തതിന്റെ കാരണവും അതു തന്നെ. ഇതിനൊരു മാറ്റം വരുമോ?

6. സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ അസംഘടിതരാവുന്നിടത്ത് അവർക്ക് ജീവനും സ്വത്തും നഷ്ടപ്പെടുന്നു. NGO സംഘടനകൾക്ക് അത്തരം സംഘടനകൾക്ക് പകരം നിൽക്കാനാവില്ലെന്ന പാഠവും ഇവിടെയുണ്ട്. ഭരണകൂടത്തോടുള്ള രോഷത്തെ മയപ്പെടുത്താനാണ് പലേടത്തും NGO സംഘടനകൾ ശ്രമിക്കുന്നതെന്നും ആരോപണമുണ്ട്. ❏

# ഫയലുകളുടെ ജീവൻ അവയിലെ കുറിപ്പുകളാണ്

*പ്ലാനിങ്ങ് കമ്മീഷൻ മെമ്പറും പ്രധാനമന്ത്രിയുടെ മുൻസെക്രട്ടറിയുമായ ബി.എൻ. യുഗാന്തർ വിവരാവകാശനിയമ വിവാദങ്ങളെക്കുറിച്ച് ഔട്ട്ലുക്കിന്റെ അഞ്ജലി പുരിയോട് സംസാരിക്കുന്നു –*

ചോദ്യം: സർക്കാർ ഫയലുകളിലെ കുറിപ്പുകൾ രഹസ്യമാക്കിവയ്ക്കാനുള്ള നീക്കത്തെപ്പറ്റി എന്താണഭിപ്രായം?

ഉത്തരം: ഫയലുകൾ, ഫയലുകളിലെ കുറിപ്പുകൾ എന്ന വകഭേദം കൃത്രിമമാണ്. കുറിപ്പുകൾ ഫയലിന്റെ ഒരവിഭാജ്യ ഘടകമാണ്. അവ അറിയാൻ കഴിയണമെന്നത് മർമ്മപ്രധാനമാണ്. ഉദാഹരണത്തിന്ന് കരാറുകളെടുക്കാം. അതു സംബന്ധിച്ച് പ്രധാനപ്പെട്ട ചോദ്യങ്ങൾ ഇവയാണ്: ആരെല്ലാമാണ് ടെൻഡർ സമർപ്പിച്ചത്? ഒരാൾക്ക് ടെൻഡർ ഉറപ്പിച്ചുനൽകിയത് എന്തടിസ്ഥാനത്തിലാണ്? ടെൻഡർ ഉറപ്പിച്ചു നൽകാൻ എത്ര സമയമെടുത്തു? ഫയലിൽ ആരാണ്, എന്താണ് നിർദ്ദേശിച്ചത്? ആരാണതിൽ വെള്ളം കൂട്ടിയത്? ആരാണത് നിരാകരിച്ചത്? മന്ത്രിയോ ഉദ്യോഗസ്ഥനോ ആറുമാസക്കാലം ഫയൽ വച്ചുതാമസിപ്പിച്ചത് എന്തുകൊണ്ടാണ്? പ്രധാന ഫയലിൽ തീരുമാനം മാത്രമേ കാണൂ. ആ തീരുമാനത്തിലെത്തിയ രീതി അറിയണമെങ്കിൽ ഫയലുകളിലെ കുറിപ്പുകൾ കാണണം. ഫയലിൽനിന്ന് കുറിപ്പുകൾ നീക്കംചെയ്യുന്നത് ഫയലിന്റെ ജീവൻ എടുത്തുമാറ്റുന്നതിന്നു സമമാണ്.

ചോദ്യം: ഗവർമ്മേണ്ട് കൊണ്ടുവന്ന ഭേദഗതി ഫയലുകളിൽ ചെറിയൊരു വിഭാഗത്തെ മാത്രമേ ബാധിക്കൂ എന്നു സർക്കാർ പറയുന്നുണ്ടല്ലോ.



ബി.എൻ. യുഗാന്തർ

ഉത്തരം: അതു ശരിയല്ല. ഈ ഭേദഗതി പ്രകാരം ഒരുപാട് കാര്യങ്ങൾ ഒഴിവാക്കപ്പെടുന്നുണ്ട്. നിയമനം, സ്ഥലംമാറ്റം, കരാറുകൾ എന്നിങ്ങനെ പലതും. ഒഴിവാക്കുന്നുണ്ട്. ഫയൽ എന്നതിന്റെ നിർവ്വചനത്തിൽനിന്ന് ആദ്യംതന്നെ "കുറിപ്പുകൾ" ഒഴിവാക്കുന്നു. പിന്നെ "വികസനസാമൂഹ്യപ്രശ്നങ്ങൾ" സംബന്ധിച്ച "കാര്യമായ" ഫയൽകുറിപ്പുകൾ ജനങ്ങൾക്ക് നൽകാമെന്നു പറയുന്നു. കാര്യമായതും കാര്യമല്ലാത്തതുമായ കുറിപ്പുകളുണ്ടോ? എന്താണ് വികസന–സാമൂഹ്യ പ്രശ്നങ്ങൾ? ഇതൊക്കെ ഇഷ്ടംപോലെ വ്യാഖ്യാനിക്കാവുന്ന അവ്യക്തമായ പരാമർശങ്ങളാണ്.

ചോദ്യം: ഫയൽകുറിപ്പ് പുറത്തുവിട്ടാൽ ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി പരുങ്ങലിലാകുമെന്നു പറയുന്നുണ്ടല്ലോ.

ഉത്തരം: നാൽപത് കൊല്ലത്തോളം ഞാൻ സർക്കാർ സർവ്വീസിലുണ്ടായിരുന്നു. ഞാൻ ഫയലിൽ എഴുതിയ ഏതെങ്കിലും കാര്യത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ എനിക്ക് മടി

തോന്നിയിട്ടില്ല. എനിക്ക് തെറ്റുകൾ പറ്റിയിട്ടില്ലെന്നല്ല. പക്ഷെ അവ സത്യസന്ധമായ തെറ്റുകളാണ്. അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഞാൻ തയ്യാറുമാണ്. "അന്നത്തെ സ്ഥിതിക്ക് അതാണ് ശരിയെന്ന് എനിക്കു തോന്നി" എന്നു ഞാൻ പറയും. എന്തുകൊണ്ട് മറ്റുള്ളവർക്കും അതായിക്കൂടാ?

ചോദ്യം: നിയമനം, സ്ഥലംമാറ്റം, പ്രമോഷൻ തുടങ്ങിയ കാര്യങ്ങൾ വെളിപ്പെടുത്തരുതെന്നു പറയുന്നുണ്ടല്ലൊ.

ഉത്തരം: എവിടെയെങ്കിലും ഒരു സബ്ബ് ഇൻസ്പെക്ടറെ നിയമിക്കുന്നതിന്നുപോലും തനിക്കധികാരമില്ലെന്ന് ഒന്നിലേറെ ഡി.ജി.പി.മാർ എന്നോട് പറഞ്ഞിട്ടുണ്ട്. ഫീൽഡ് ഓഫീസർമാർ, ബി.ഡി.ഒ.മാർ, തഹസിൽദാർമാർ, എക്സൈസ് സൂപ്രണ്ടുമാർ ......... ഇവരുടെയെല്ലാം നിയമനം ഇപ്പോൾ വില്പനക്കുവച്ചിരിക്കുകയാണ്. ഒരാൾക്കും ഒരിടത്തും നാലുദിവസം ഉറച്ചിരിക്കാനാവില്ല; ഒരു തത്വവുമില്ലാതെ സ്ഥലംമാറ്റിക്കൊണ്ടിരിക്കും. പോയിപ്പോയി ഭരണസംവിധാനംതന്നെ തകർച്ചയുടെ വക്കത്തെത്തിയിരിക്കയാണ്. ഇതൊക്കെ പരിശോധിക്കാൻ ജനങ്ങൾക്ക് അധികാരം നൽകലാണ് ഈ "നിയമന-സ്ഥലംമാറ്റവ്യവസായ"ത്തിന്നു തടയിടാനുള്ള ഏറ്റവും നല്ലമാർഗ്ഗം. വിവരാവകാശ നിയമം അതിന്നുള്ളതാണ്.

ചോദ്യം: പരിശോധന നടത്തുക, നിരീക്ഷിക്കുക ശുപാർശ സമർപ്പിക്കുക തുടങ്ങിയ ജോലികൾ ചെയ്യുന്നവരുടെ വിവരം പുറത്തുവിടരുതെന്നു പറയുന്നുണ്ടല്ലോ.

ഉത്തരം: ഭീരുത്വത്തിന് നിങ്ങളെന്തിന്ന് സമ്മാനം നൽകണം? എന്തെങ്കിലും രഹസ്യദൗത്യത്തിന്ന് നിയോഗിക്കപ്പെട്ടവരെ സംരക്ഷിക്കണമെന്നത് ശരിയാണ്. വിവരാവകാശ നിയമത്തിലെ എട്ടാംവകുപ്പ് അതിന്നുള്ളതാണ്. അത്തരം സംരക്ഷണത്തിന്റെ ഒരാവശ്യവുമില്ലാത്തിടത്ത് സംരക്ഷണം നൽകുകയും എല്ലാം രഹസ്യമായി വയ്ക്കുകയുമാണെങ്കിൽ നിങ്ങൾ പക്ഷപാതത്തിന്നും നിരുത്തരവാദിത്വത്തിന്നും, കള്ളത്തരത്തിന്നും സംരക്ഷണം നൽകലാവും. എന്റെ പേര് പുറത്തുവരുമെന്നുവന്നാൽ, ഞാൻ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ ശ്രദ്ധിക്കും.

ചോദ്യം: തീരുമാനമെടുക്കുന്ന പ്രക്രിയ രഹസ്യമായിരിക്കണമെന്നു പറയുന്നുണ്ടല്ലൊ.

ഉത്തരം: ഉദാഹരണത്തിന്ന്, ഒരു കാര്യത്തിൽ തീരുമാനമെടുക്കുന്നത് ദുരുദ്ദേശപൂർവ്വം നീട്ടിക്കൊണ്ടുപോകുന്നുവെന്നു കരുതുക. എന്തുകൊണ്ട് അതിനെ ചോദ്യം ചെയ്തുകൂടാ? പാർലിമെന്റ് പാസാക്കിയ പതിനെട്ടു നിയമങ്ങൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടപ്പുണ്ട്. എന്തുകൊണ്ടവ ഗസറ്റിൽ വിജ്ഞാപനം ചെയ്ത് നടപ്പാക്കുന്നില്ല എന്നറിയാൻ ജനങ്ങൾക്കവകാശമില്ലേ?

ചോദ്യം: വിവരാവകാശനിയമത്തെ എതിർക്കുന്ന ഉദ്യോഗസ്ഥ പ്രമുഖരോട് താങ്കൾക്ക് എന്താണ് പറയാനുള്ളത്?

ഉത്തരം: ഉദ്യോഗസ്ഥന്മാരിൽ വലിയൊരു ഭാഗം വിവരാവകാശനിയമത്തെ സ്വാഗതം ചെയ്യുന്നുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന അല്പം ചിലരേ ഈ നിയമത്തെ എതിർക്കുന്നുള്ളൂ. ദൈവത്തെയോർത്ത് ഈ നിയമത്തിന്ന് തടസ്സം സൃഷ്ടിക്കരുത് എന്നേ എനിക്കവരോട് പറയാനുള്ളൂ. 21-ാം നൂറ്റാണ്ടിന്റെ ജനാധിപത്യഭാരതത്തിന്നു യോജിച്ചതല്ല ഉദ്യോഗസ്ഥരുടെ രഹസ്യാത്മകത. ഈ നിയമം ഉദ്യോഗസ്ഥന്മാർക്ക് അന്തസ്സു പ്രദാനംചെയ്യുന്നു. ഭയമോ മമതയോ കൂടാതെ പൊതുതാല്പര്യം മുൻനിർത്തി മാത്രം പ്രവർത്തിക്കാൻ ഇതവർക്ക് അവസരമുണ്ടാക്കുന്നു.

❑

# ഒരു 'ശനിയാഴ്ച കൽപന'ക്ക് അറുതിവരുത്തിയ കഥ

പ്രശ്നം ഗുജറാത്തിലാണ്. പഞ്ചമഹൽ ജില്ലയിലെ കലോൽ താലൂക്കിൽ ഒരു "ശനിയാഴ്ച കല്പന"യുണ്ടായിരുന്നു. ഗുജറാത്ത് വ്യാവസായികമായി വളരെ പുരോഗമിച്ച സംസ്ഥാനമാണെങ്കിലും പഞ്ചമഹൽ ഒരു പിന്നോക്ക ജില്ലയാണ്. ആദിവാസികളാണ് അധികവും. മിക്കവരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. ഗവർമ്മേണ്ടിന്റെ പൊതുവിതരണ സംവിധാനമാണ് ഇവർക്കാശ്രയം. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ധാന്യം കിട്ടും. പക്ഷേ അതിന്നു റേഷൻകാർഡ് വേണം. അതാകട്ടെ കിട്ടാനൊട്ടു എളുപ്പവുമല്ല. ഉദ്യോഗസ്ഥൻമാർക്ക് കനത്ത കൈക്കോഴകൊടുത്താലേ റേഷൻ കാർഡ് കിട്ടൂ.

പാവങ്ങളെ സംബന്ധിച്ചിടത്തോളം റേഷൻകാർഡെന്നത് വലിയൊരു തലവേദനയാണ്. കൂരകളിൽ കഴിഞ്ഞുകൂടുന്നവർക്ക് കാർഡ് സൂക്ഷിക്കുക എളുപ്പമല്ല. പലപ്പോഴും അത് നഷ്ടപ്പെട്ടുവെന്നുവരും. പ്രായപൂർത്തിയായവർ വേറെ വീടുവച്ചു താമസമാക്കിയാൽ പുതിയ കാർഡ് സമ്പാദിക്കണം.

റേഷൻ കാർഡ് നൽകാനുള്ള അധികാരം ഡെപ്യൂട്ടി തഹസിൽദാർക്കാണ്. കാർഡിന് അപേക്ഷിക്കുന്നത് അച്ചടിച്ച അപേക്ഷാഫോറത്തിലാണ്. അത് താലൂക്കാഫീസിൽനിന്ന് സൗജന്യമായി ലഭിക്കും. അതിനാൽ കാര്യം എളപ്പമാണെന്നുകരുതണ്ട. യഥാവിധി പൂരിപ്പിച്ച് ആവശ്യമായ രേഖകളോടെ അപേക്ഷ സമർപ്പിച്ചാലും ഉദ്യോഗസ്ഥൻമാർ ജനങ്ങളെ വല്ലാതെ കറക്കികളയും.

കലോലിലെ താലൂക്കാഫീസിൽ കയറിചെല്ലുമ്പോൾ കമ്പ്യൂട്ടറിൽ തയ്യാറാക്കിയ വലിയൊരു നോട്ടീസ് ചുമരിൽ പതിപ്പിച്ചിരിക്കുന്നതായി കാണാം. റേഷൻ കാർഡ് സംബന്ധമായ ഏതു കാര്യത്തിനായാലും ശനിയാഴ്ചമാത്രമേ വരാവൂ എന്ന് അതിൽ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഗുജറാത്തിൽ ഒന്നാമത്തേയും മൂന്നാമത്തേയും ശനിയാഴ്ചകളിൽ മാത്രമേ സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുകയുള്ളൂ; രണ്ടാമത്തേയും നാലാമത്തേയും ശനിയാഴ്ചകളിൽ സർക്കാർ ഓഫീസുകൾക്ക് അവധിയാണ്. മാസത്തിൽ രണ്ടുദിവസം മാത്രമേ റേഷൻകാർഡ് സംബന്ധിച്ച ഇടപാടുള്ളൂ എന്നാണിതിന്നർത്ഥം.

കലോൽ വലിയൊരു താലൂക്കാണ്. അറുപത് വില്ലേജുകൾ ഉൾപ്പെടുന്നതാണത്. ഈ ജനങ്ങൾക്കെല്ലാംകൂടി മാസത്തിൽ രണ്ടു ദിവസമേ കാര്യം നടത്താൻ കിട്ടൂ. ഇതിൽതന്നെ വിവേചനമുണ്ട്. താലൂക്കാപ്പീസിലെ ഏജന്റുമാർക്ക് കൈക്കോഴകൊടുത്താൽ മുൻഗണനകിട്ടും. അതിന്നുകഴിവില്ലാത്തവർ ക്യൂവിൽ കാത്തുനിൽക്കുക തന്നെ വേണം. ഓഫീസ് സമയം കഴിയും മുമ്പ് കൗണ്ടറിനുമുമ്പിൽ എത്താൻ കവിയാത്തവർക്ക് രണ്ടാഴ്ചക്കുശേഷം വീണ്ടും വരേണ്ടി വരും. ഈ ജനദ്രോഹം സഹിക്കാൻ വയ്യാതായപ്പോൾ അസ്സാം ഭായ് എന്നൊരാൾ ഈ "ശനിയാഴ്ച കല്പന"യുടെ അടിസ്ഥാനമെന്തന്നറിയാൻ തീരുമാനിച്ചു. വിവരാവകാശനിയമം നിലവിൽ വന്നതായി അയാൾ പത്രത്തിൽ വായിച്ചിരുന്നു. അതൊന്നു പരീക്ഷിക്കാൻ തന്നെ

അസ്സാം ഭായ് തീരുമാനിച്ചു. റേഷൻ കാർഡ് ഇടപാടുകൾ ശനിയാഴ്ചക്കു മാത്രമായി പരിമിതപ്പെടുത്തികൊണ്ടുള്ള സർക്കാർ കല്പനയുടെ കോപ്പിക്കും, റേഷൻകാർഡ് സംബന്ധമായ മറ്റു സർക്കാർ കല്പനകൾക്കുംവേണ്ടി അയാൾ ഒരപേക്ഷ തയ്യാറാക്കി സമർപ്പിച്ചു.

ഗുജറാത്തിൽ താലൂക്ക് തലത്തിലെ പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ താസിൽദാരാണ്. അസ്സാംഭായ് തന്റെ അപേക്ഷയുമായി താലൂക്കോഫീസിൽ കയറിചെന്നപ്പോൾ താസിൽദാർ അത് സ്വീകരിക്കാനെന്നല്ല വായിച്ചുനോക്കാൻപോലും വിസമ്മതിക്കുകയാണുണ്ടായത്. ജനങ്ങൾ ആവശ്യപ്പെടുന്ന വിവരം നൽകാനായി സർക്കാർ കല്പനയൊന്നുമില്ലെന്നാണ് താസിൽദാർ പറഞ്ഞത്. എന്തെങ്കിലും വിവരം വേണമെങ്കിൽ ജില്ലാ ആസ്ഥാനത്ത് കലക്ടറേറ്റിൽ അപേക്ഷിക്കണമെന്നും അയാൾ പറഞ്ഞു. താസിൽദാർ നുണ പറയുകയാണെന്ന് അസ്സാം ഭായിക്കറിയാമായിരുന്നു. അതിനാൽ താലൂക്കാപ്പീസിൽ നിന്ന് തിരിച്ചെത്തിയ ഉടൻ അയാൾ തപാലാപ്പീസിൽ പോയി, അപേക്ഷ രജിസ്റ്റർചെയ്ത് താസിൽദാർക്കയച്ചു.

പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ താലൂക്കാപ്പീസിൽ നിന്നും അസ്സാം ഭായിക്ക് ഒരു കത്തുകിട്ടി. അസ്സാം ഭായ് ആവശ്യപ്പെട്ട വിവരങ്ങൾ അറിയാൻ ഡപ്യൂട്ടിതാസിൽദാരുടെ ഓഫീസിൽ ചെല്ലാനാണ് അതിൽ ആവശ്യപ്പെട്ടിരുന്നത്. പക്ഷെ അസ്സാം ഭായ് അതിന്നു തയ്യാറായില്ല. അതിന്റെ ആവശ്യകതയില്ലെന്ന് അയാൾക്കറിയാമായിരുന്നു. അതോടെ ഉദ്യോഗസ്ഥൻമാർ അങ്കലാപ്പിലായി. ഡെപ്യൂട്ടി താസിൽദാർ അസ്സാംഭായിയുടെ അഛനെ സമീപിച്ച് അപേക്ഷ പിൻവലിപ്പിക്കാനൊരു ശ്രമം നടത്തി. റേഷൻകാർഡ് ഇടപാടുകൾ ശനിയാഴ്ചമാത്രമാക്കികൊണ്ടുള്ള സർക്കാർ കല്പനയൊന്നുമില്ലെന്നും ഭരണസൗകര്യത്തിന്നുവേണ്ടി ഏർപ്പെടുത്തിയ ക്രമീകരണംമാത്രമാണതെന്നും ഡെ. താസിൽദാർ വിശദീകരിച്ചു. ഇത് കേസും കൂട്ടവുമായാൽ തന്റെ ജോലി നഷ്ടപെടുമെന്നുവരെ ആ ഉദ്യോഗസ്ഥൻ പറഞ്ഞു. പക്ഷേ അസ്സാംഭായ് വഴങ്ങിയില്ല. തന്റെ അപേക്ഷ സ്വീകരിച്ചുകൊണ്ട് ഒരു കത്തുതരാൻ അയാൾ ആവശ്യപ്പെട്ടു. അതുകിട്ടിയാൽ അപ്പീൽ സമർപ്പിക്കാം; അല്ലെങ്കിൽ സംസ്ഥാന ഇൻഫോർമേഷൻ ഓഫീസറെ സമീപിക്കാം.

ഒടുവിൽ ഡെപ്യൂട്ടി താസിൽദാർ, അസ്സാംഭായിക്കു മറുപടി നൽകി. സർക്കാർ ശനിയാഴ്ച കല്പനയൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും, അപേക്ഷകരുടെ സൗകര്യത്തിനുവേണ്ടി ഏർപ്പെടുത്തിയ ക്രമീകരണമാണെന്നും അതിൽ പറഞ്ഞിരുന്നു. മേലിൽ എല്ലാ പ്രവർത്തിദിവസങ്ങളിലും റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ സ്വീകരിക്കുമെന്നും അതിൽ ഉറപ്പു നൽകിയിരുന്നു.

തങ്ങളുടെ ഈ സാഹസകൃത്യത്തിനുശേഷം താലൂക്കാഫീസിലെ പ്രവർത്തനം വളരെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് അസ്സാം ഭായിയും സുഹൃത്തുക്കളും പറയുന്നു. ഇപ്പോൾ റേഷൻകാർഡ് സംബന്ധമായ കാര്യങ്ങൾക്ക് എപ്പോൾ വേണമെങ്കിലും താലൂക്കാഫീസിൽ കയറിചെല്ലാമെന്നായിട്ടുണ്ട്. വിവരാവകാശനിയമം പാവങ്ങൾക്കൊരായുധമായിതീർന്നിരിക്കുന്നു. സർക്കാർ ഓഫീസുകളെ നിയമാനുസൃതം പ്രവർത്തിപ്പിക്കാൻ ജനങ്ങൾക്കിന്ന് ഫലപ്രദമായ ഒരായുധമുണ്ട്.

❑

# മുതലാളിമാർക്കുവേണ്ടി മന്ത്രിയുടെ വക്കാലത്ത്

**കോ**ളകളുടെ ശീതളപാനീയങ്ങളിൽ കീടനാശിനിയുടെ അംശമുണ്ടെന്ന ആക്ഷേപത്തിന്നു സർക്കാരിൽനിന്നുണ്ടായ പ്രതികരണം ആരേയും അത്ഭുതപ്പെടുത്തുന്ന ഒന്നാണ്. ഇത്രയും ഗുരുതരമായ ഒരാരോപണം ഉന്നയിക്കപ്പെട്ടാൽ, അത് ശരിയാണോ അല്ലയോ എന്നന്വേഷിക്കുകയാണ് ഉത്തരവാദിത്വബോധമുള്ള ഒരു ജനകീയ ഗവർമ്മേണ്ട് ചെയ്യേണ്ടത്. എന്നാൽ ഇവിടെ സംഭവിച്ചത് അതല്ല. ആരോപണമുന്നയിച്ചവരുടെ തെറ്റുകളും കുറ്റങ്ങളും കണ്ടെത്താനാണ് ഗവർമ്മേണ്ട് പാടുപെട്ടത്.

ഒരാൾ തന്നെ ബലാൽക്കാരം നടത്തിയെന്ന് ഒരു സ്ത്രീ പരാതിപ്പെട്ടാൽ, ആ സ്ത്രീ സ്വഭാവശുദ്ധിയുള്ളവളല്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ആ പഴയ ടെക്നിക്കുണ്ടല്ലോ അതുതന്നെയാണ് ഇതും.

ദൽഹിയിലെ ശാസ്ത്ര-പരിസ്ഥിതി കേന്ദ്രം നടത്തിയ സമഗ്രമായൊരു പഠനത്തിൽ കോളകളിൽ അനുവദനീയമായതിന്റെ മുപ്പതിരട്ടിവരെ വിഷാംശങ്ങൾ ശീതളപാനീയത്തിൽ കലർന്നിട്ടുണ്ടെന്ന് കാണുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങളെല്ലാം അവരുടെ മാസികയായ "ഡൗൺ ടുഎർത്തി"ന്റെ ആഗസ്റ്റ് 15ലെ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഈ പഠനം ശരിയല്ലെന്ന് ഗവർമ്മേണ്ടിന്നു പറയാം. അങ്ങനെ പറയുന്നതിന്ന് രണ്ടു തടസ്സങ്ങളാണുള്ളത്. ശാസ്ത്ര-പരിസ്ഥിതി കേന്ദ്രത്തിന്റെ പഠനറിപ്പോർട്ട് ശരിയല്ലെങ്കിൽ ഏതാണ് ശരിയെന്ന് പറയേണ്ടിവരും. അതായത് കോളകളിൽ മുപ്പതിരട്ടി വിഷാംശമില്ലെങ്കിൽ, എത്രയുണ്ടെന്നു പറയേണ്ടിവരും. അതല്ലാത്തപക്ഷം മന്ത്രിക്കെതിരെ അവകാശലംഘനപ്രമേയം വരും.

ഈ പുലിവാലിൽനിന്ന് രക്ഷപ്പെടാനാണ് ആരോഗ്യകാര്യമന്ത്രി രാമദാസ് ഒരു വദഗ്ദ്ധകമ്മിറ്റിയെ നിയമിച്ചത്. ഇന്ത്യയിലെ വല്ലാത്തൊരു പാർലിമെന്ററി പ്രതിഭാസമാണ് "കമ്മിറ്റിനിയമനം". ഊരാക്കുടുക്കുകളിൽനിന്ന് രക്ഷപ്പെടാൻ ഗവർമ്മേണ്ട് പയറ്റുന്ന അടവാണിത്. ഈ കമ്മിറ്റികൾക്ക് ആരോടും ഒരു ഉത്തരവാദിത്വവുമില്ല. ശുദ്ധ അസംബന്ധങ്ങൾ എഴുതിവച്ച് ഗവർമ്മേണ്ടിനെ രക്ഷിക്കുക എന്നതാണിവരുടെ ജോലി. നാണം എന്നുപറയുന്ന ഗുണവിശേഷമുള്ളവരാരും ഇത്തരം കമ്മിറ്റികളിൽ അംഗമായിരിക്കാൻ കൂട്ടാക്കാറില്ല. എന്നാൽ അംഗമാകാൻ തയ്യാറുള്ള ഒട്ടേറെ പേർ അപ്പുറത്തുണ്ടുതാനും. "നാണംകെട്ടും പണംനേടിയാൽ, നാണക്കേട് ആ പണം തീർക്കും" എന്ന നാടൻ പ്രമാണത്തിൽ വിശ്വസിക്കുന്നവരാണവർ.

കുറച്ചുകാലംമുമ്പ് കാസർകോട്ടെ പാദ്രെ ഗ്രാമത്തിൽ എൻഡോസൾഫാൻ വിഷപ്രയോഗംമൂലം ഒട്ടേറെപേർക്ക് രോഗം പിടിപെട്ട വാർത്ത പുറത്തുവന്നു. ഇത് കുറെ ഒച്ചപ്പാടുണ്ടാക്കി. ശാസ്ത്ര-പരിസ്ഥിതി കേന്ദ്രത്തിൽനിന്നുള്ള ഒരു വിദഗ്ദ്ധസംഘം കാസർക്കോട്ടുവന്ന് വിശദമായ പഠനം നടത്തി ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. പാദ്രെ ഗ്രാമത്തിലെ രോഗാതുരതക്കു കാരണം എൻഡോസൾഫാനല്ലെന്നു

സ്ഥാപിക്കാൻ കേന്ദ്രഗവർമ്മേണ്ടും കേരള ഗവർ മ്മേണ്ടും മത്സരബുദ്ധി യോടെ ശ്രമിച്ചു. എന്നിട്ടും ബഹുജന പ്രക്ഷോഭം അടങ്ങാതെവന്നപ്പോൾ കേന്ദ്രഗവർമ്മേണ്ട് ഒരു വിദഗ്ദ്ധ കമ്മി റ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റി ഗവർമ്മേണ്ടിന്ന് സ്വീകാര്യമായ വിധത്തി ലുള്ള ഒരു റിപ്പോർട്ട് എഴുതിയുണ്ടാക്കി സമർപ്പിക്കുകയുംചെയ്തു.

നർമ്മാദാപ്രശ്നത്തിലും ഇതാണു ണ്ടായത്. അണക്കെട്ടുമൂലം പുരയിടവും കൃഷിയിടവും നഷ്ടപ്പെടുന്നവർക്ക് തത്തുല്യമായ വിധത്തിൽ പുരയിടവും കൃഷിയിടവും നൽകണമെന്ന നർമ്മദാ ട്രിബ്യൂണലിന്റെ അവാർഡിലുള്ള വ്യവ സ്ഥയേയും സുപ്രീംകോടതിയുടെ കല്പനയേയും ഗവർമ്മേണ്ട് ലംഘിക്കു ന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് മേധാപട്കർ ഉപവാസമാരംഭിച്ചപ്പോൾ അതിൽനിന്നു രക്ഷപ്പെടാനായി ഗവർമ്മേണ്ട് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചു. പതിവുപോലെ ഈ കമ്മി റ്റിയും നാണംകെട്ടൊരു റിപ്പോർട്ട് തയ്യാ റാക്കി ഗവർമ്മേണ്ടിനെ രക്ഷിച്ചു.

ഇതേ ടെക്നിക് തന്നെയാണ് കോള കാര്യത്തിലും ഗവർമ്മേണ്ട പ്രയോഗിച്ച ത്. കോളകളിൽ കീടനാശിനി സുലഭ മാണെന്ന ശാസ്ത്ര-പരിസ്ഥിതി കേന്ദ്ര ത്തിന്റെ പഠനറിപ്പോർട്ട് ശരിയാണെന്നും ശരിയല്ലെന്നും കമ്മിറ്റി പറയുന്നില്ല. പഠനം “പൂർണ്ണമല്ല” എന്നാണ് കമ്മിറ്റി യുടെ പരാതി. എന്നാൽ കമ്മിറ്റിക്കു തന്നെ “പൂർണ്ണ”മായൊരു പഠനം നടത്തി യഥാർത്ഥ സ്ഥിതി എന്താ ണെന്നു പറഞ്ഞുകൂടെ? അത് അവർ ചെയ്യില്ല. കാരണം, സത്യം പുറത്തുവ രുന്നത് ഗവർമ്മേണ്ടിന്ന് ഇഷ്ടമുള്ള കാര്യമല്ല. മറ്റൊരു തരത്തിൽ പറ ഞ്ഞാൽ, ശീതളപാനീയ വ്യവസായ ത്തിലെ ഇന്നത്തെ അരാജകത്വം തുടർന്നുപോകുന്നതിലാണ് ഗവർമ്മേ ണ്ടിന്ന് താൽപര്യം.

കോളപ്രശ്നം പെട്ടെന്ന് പൊട്ടിവീണ തല്ല. മൂന്നുകൊല്ലംമുമ്പ് ഇതേ ശാസ്ത്ര -പരിസ്ഥിതികേന്ദ്രംതന്നെ കോളകളിൽ നിറയെ വിഷാംശമുള്ളതായി ചൂണ്ടി ക്കാണിച്ചിരുന്നു. തുടർന്നുണ്ടായ ബഹ ളംമൂലം ഗവർമ്മേണ്ട് ഒരു സംയുക്ത പാർലിമെന്ററി കമ്മിറ്റിയെ അന്വേഷണ ത്തിന് നിയോഗിച്ചു. ശാസ്ത്ര-പരി സ്ഥിതി കേന്ദ്രത്തിന്റെ റിപ്പോർട്ടിനെ ഈ സംയുക്ത പാർലിമെന്ററി കമ്മിറ്റി ശരിവച്ചിരുന്നതാണ്.

ശീതളപാനീയങ്ങളിൽ വിഷാംശം എത്രത്തോളമാകാമെന്നതിന്ന് ആഗോ ളതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു മാനദണ്ഡമില്ല. മാനദണ്ഡം നിശ്ചയി ച്ചിട്ടുള്ള രാജ്യങ്ങളിലാകട്ടെ, അവ വ്യത്യ സ്തങ്ങളാണ്. അമേരിക്കൻ മാനദണ്ഡ ത്തിൽനിന്ന് വ്യത്യസ്തമാണ് യൂറോ പ്യൻ മാനദണ്ഡം; ഇതു രണ്ടിൽനിന്നും വ്യത്യസ്തമാണ് ആസ്ത്രേലിയൻ മാന ദണ്ഡം. ഇന്ത്യയിലാകട്ടെ ഒരു മാനദ ണ്ഡവുമില്ല. അതുകൊണ്ടാണ് കോള കമ്പനികൾക്കെതിരെ നിയമനട പടിയെടുക്കാൻ സാധിക്കാത്തത്.

കോളവിഷം ചർച്ചാവിഷയമായിട്ട് മൂന്നുകൊല്ലം കഴിഞ്ഞിട്ടും ഗവർമ്മേണ്ട് ഒരു മാനദണ്ഡം നിശ്ചയിക്കാത്തത് കോളകമ്പനികളെ സഹായിക്കാൻ വേണ്ടിയാണെന്നതു വ്യക്തം. ജനങ്ങ ളുടെ താല്പര്യം സംരക്ഷിക്കുന്നതി ലല്ല, കോളകമ്പനികളുടെ താല്പര്യം സംരക്ഷിക്കുന്നതിലാണ് നമ്മുടെ ഗവർമ്മേണ്ടിന്ന് വ്യഗ്രത. ഒരു മാന ദണ്ഡം നിശ്ചയിച്ചാൽ, ആ മാന ദണ്ഡം പാലിക്കാൻ കോളകമ്പനികൾ നിർബ്ബദ്ധമാകും. അതൊഴിവാക്കാനാണ് ഗവർമ്മേണ്ട് ഈ ഒളിച്ചുകളിയെല്ലാം നടത്തുന്നത്. ❑

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# പോലീസ് സേനയെ പോലീസ് സേവകരാക്കും

ഒന്നര നൂറ്റാണ്ട് പഴക്കമുള്ള ഇന്ത്യൻ പോലീസ് ആക്ടിന്നു പകരം പുതുപുത്തനായൊരു നിയമം കൊണ്ടുവരാനുള്ള ഗവർമ്മേണ്ടിന്റെ ശ്രമം അവസാനഘട്ടത്തിലെത്തിയിരിക്കുന്നു. പ്രഗത്ഭ നിയമജ്ഞനായ സോളി സൊറാബ്ജിയുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ധകമ്മിറ്റി പുതിയ പോലീസ് ആക്ടിന്റെ കരടുരൂപത്തിന്റെ മുക്കാൽ ഭാഗവും തയ്യാറാക്കിക്കഴിഞ്ഞു.

പുതിയ കരടുനിയമപ്രകാരം കുറ്റകൃത്യങ്ങൾ തടയലും കുറ്റം ചെയ്തവരെ കണ്ടുപിടിക്കലും മാത്രമാകില്ല പോലീസിന്റെ ചുമതല; അതൊരു ജനസേവന വിഭാഗംകൂടിയാകും.

1861ലെ പോലീസ് ആക്ട് പ്രകാരം "കുറ്റകൃത്യങ്ങൾ തടയാനും കുറ്റക്കാരെ കണ്ടുപിടിക്കാനും കൂടുതൽ ഫലപ്രദമായ ഒരു കരുവാക്കാൻ" പോലീസിനെ പുന:സംഘടിപ്പിക്കുന്നതിന്നുള്ളതാണ് ഈ നിയമമെന്നാണ് പീഠികയിൽ പറയുന്നത്.

എന്നാൽ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന കരടുനിയമത്തിന്റെ പീഠിക തികച്ചും വ്യത്യസ്തമാണ്. നിയമവാഴ്ച നിലനിർത്താനും ജനങ്ങൾക്ക് നിഷ്പക്ഷവും കാര്യക്ഷമവുമായ സേവനം നൽകുന്നതിന്നും വേണ്ടിയാണ് പുതിയ നിയമമുണ്ടാക്കുന്നതെന്ന് കരടിൽ പറയുന്നു. ഭരണഘടനയുടേയും നിയമവാഴ്ചയുടേയും ജനങ്ങളുടെ ജനാധിപത്യാഭിലാഷങ്ങളുടേയും നിർവ്വഹണത്തിന്നുതകും വിധത്തിൽ പ്രവർത്തിക്കേണ്ടത് പോലീസിന്റെ പരമമായ കടമയും ബാധ്യതയുമാണെന്നും അതിന്ന് സേവനോന്മുഖമായ ഒരു പ്രൊഫഷണൽ പോലീസ് ആവശ്യമാണെന്നും അതിൽ തുടർന്നു പറയുന്നു. പോലീസിനെ ബാഹ്യമായ സ്വാധീനങ്ങളിൽനിന്ന് മോചിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അതിൽ പറയുന്നു.

പുതിയ പോലീസ് ആക്ടിന്റെ കരടിൽ 14 അധ്യായങ്ങളാണുള്ളത്. അതിൽ എട്ടെണ്ണം പൊതുജനാഭിപ്രായമറിയാനായി കേന്ദ്രആഭ്യന്തര വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പോലീസ് സേന (Police Force) എന്നതിന്നുപകരം പോലീസ് സേവനം (Police Service) എന്നാണ് ഇതിൽ പ്രയോഗിച്ചിരിക്കുന്നത്.

പുതിയ നിയമപ്രകാരവും പോലീസിന്റെ നിയന്ത്രണം ഗവർമ്മേണ്ടിനുതന്നെയായിരിക്കുമെങ്കിലും വസ്തുനിഷ്ഠമായി തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും പോലീസിന്ന് ആവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം നൽകുമെന്നു പറയുന്നു.

2005 സെപ്തംബർ 20ന്നാണ് സോറാബ്ജി കമ്മിറ്റി പ്രവർത്തനമാരംഭിച്ചത്. ബാക്കിയുള്ള അധ്യായങ്ങളും അടുത്തുതന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

വരിസംഖ്യ – ആയുഷ്കാലം : 1000 ക.